
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ജൂലൈ 2003





## പ്രൊഫ. പി. സി. ഏലിയാസ് സഹോദയ പ്രസിഡന്റ്

സി.ബി.എസ്.ഇ. സ്ക്കൂളുകളുടെ പൊതുവേദിയായ സഹോദയ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ചങ്ങനാശ്ശേരി ഗുഡ്ഷെപ്പേർഡ് പബ്ലിക്സ്ക്കൂൾ & ജൂണിയർ കോളജ് പ്രിൻസിപ്പൽ പ്രൊഫ. പി. സി. ഏലിയാസിന് സ്ക്കൂളിൽ സ്വീകരണം നൽകി. ചെയർമാൻ ഫാ. പ്രൊഫ. കെ. വി. പൗലോസിന്റെ അദ്ധ്യക്ഷതയിൽ, മാനേജർ ബേബി ഫിലിപ്പ് ,പി. റ്റി. എ. പ്രസിഡന്റ് ഡോ. വി. കെ. രാധാകൃഷ്ണൻ ,വൈസ് പ്രിസിപ്പലന്മാരായ പ്രൊഫ. സഖറിയ ദാനിയേൽ, ഷൈനി ജോസഫ് എന്നിവർ പ്രസംഗിച്ചു.

5-ാം തവണയും സി.ബി.എസ്.ഇ. പരീക്ഷയിൽ 100% വിജയം നേടിയവരെ അനുമോദിച്ചു. 32 അദ്ധ്യാപകരെ സർണ്ണപതക്കം അണിയിച്ചു. 10-ാം ക്ലാസ്സിൽ 62 ഡിസ്റ്റിംഗ്ഷൻ 9 ഫസ്റ്റ് ക്ലാസ്സ് 1 സെക്കന്റ് ക്ലാസ്സ്, 12-ാം ക്ലാസ്സിൽ 48 ഡിസ്റ്റിംഗ്ഷൻ 88 ഫസ്റ്റ് ക്ലാസ്സ്, 20 സെക്കന്റ് ക്ലാസ്സ്, 5 മെഡിക്കൽ എൻട്രൻസ്, 33 എഞ്ചി. എൻട്രൻസ് എന്നിവ നേടിയവരെയും സയൻസിന് 100% മാർക്ക് നേടി സി.ബി.എസ്സ്.ഇ. ദേശീയ പരുസ്ക്കാരത്തിന് യോഗ്യരായ 3 വിദ്യാർത്ഥികളെയും ആദരിച്ചു.

## ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നു സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986–ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 1006705.75- രൂപയുടെ സൗജന്യചികിത്സ, അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 11921 ഓപ്പറേഷൻ ആകെ നടത്തിയതിൽ 3809-ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 2573 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവൃത്തിയെന്ന നിലയിൽ ഗിവ്സൈറ്റ് പ്രോജക്ടിലേക്ക് സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)


# മലങ്കരസഭ

ലക്കം 7, പുസ്തകം 59

ജൂലൈ 2003





### പത്രാധിപസമിതി

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0468- 2222243, (Res)2325942

**വൈസ് പ്രസിഡന്റ്**
യൂഹാനോൻ മാർ മിലിത്തോസ്
ഫോൺ: 0488 - 2523001, 2524001 (Fax)

**ചീഫ് എഡിറ്റർ**
ഫാ.ഡോ. ജോൺ പണിക്കർ
ഫോൺ: 0481 - 2568083, 2566526

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്ജ്
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ഡോ. അലക്സാണ്ടർ കാരയ്ക്കൽ
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 04682 - 279348
Mob:-9447300908

**ഓഫീസ് മാനേജർ**
ഫാ. അലക്സി മാത്യൂസ്
ഫോൺ: 0481 - 2471910 (Res)


### വരിസംഖ്യ

**2002 സെപ്റ്റംബർ മുതൽ**

| | |
|---|---|
| **ഇന്ത്യയിൽ** | |
| ഒറ്റപ്രതി | : 7 രൂപ |
| ഒരു വർഷം | : 75 രൂപ |
| 4 വർഷം | : 300 രൂപ |
| 10 വർഷം | : 750 രൂപ |
| **വിദേശത്തേക്ക്** | |
| ഒരു വർഷം | : 600 രൂപ |


*Cover Design & Type Setting:-*
M.S. Graphics, Devalokam.


# ഉൾത്തുടിപ്പുകൾ

CONTENTS

### എഡിറ്റോറിയൽ


4 ഇസ്രയേലിലെ കാണാതെ പോകുന്ന ആടുകൾ
- ഫാ. ഡോ. ജോൺ പണിക്കർ

5 മഹാപുരോഹിത സന്ദേശം


### ലേഖനങ്ങൾ


7 പരിശുദ്ധാത്മ ഫലവും വരങ്ങളും
- ഫാ. ഡോ. ഒ. തോമസ്

9 സത്യമുള്ള ത്രിയേക ദൈവത്തിന്റെ......
- ഗീവർഗീസ് മാർ ഒസ്താത്തിയോസ്

12 ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ മലങ്കരസഭ
- ഡോ. സിബി തരകൻ

27 The Malankara Orthodox Church of India
- Metropolitan Philipose Mar Eusebius


### സ്ഥിരം പംക്തികൾ


ധ്യാനപംക്തി, ബൈബിൾ പഠനം,
ബൈബിൾ പദപ്രശ്നം, ബാലസഭ,
ബൈബിൾ കടങ്കഥകൾ,
വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ.



ദേവലോകം, കോട്ടയം - 686 038. ഫോൺ: 0481 - 2573234
e-mail: malankara@sancharnet.in

# സഭയ്ക്ക് 87 കോടി രൂപയുടെ ബജറ്റ്

സഭാ മാനേജിംഗ് കമ്മറ്റിയുടെ ഒരു യോഗം 25-06-03-ൽ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കോട്ടയം പഴയ സെമിനാരിയിൽ വച്ച് കൂടി. 15 മേൽപട്ടക്കാരും 41 വൈദികരും ഉൾപ്പെടെ മൊത്തം 142 അംഗങ്ങൾ യോഗത്തിൽ സംബന്ധിച്ചിരുന്നു.

സമുദായ സെക്രട്ടറി ഡോ. അലക്സാണ്ടർ കാരയ്ക്കൽ അവതരിപ്പിച്ച 2003-2004 ലെ സമുദായ വരവുചെലവുകളുടെ ബജറ്റ് യോഗം അംഗീകരിച്ചു.

എ;ബി;സി;ഡി; - എന്നിങ്ങനെ നാല് ഷെഡ്യൂളുകളിലായി മൊത്തം 87 കോടി രൂപായുടെ ബജററാണ് സഭ പാസ്സാക്കിയിട്ടുള്ളത്.

എ. ഷെഡ്യൂളിൽപെട്ട ഇനങ്ങൾ പ്രത്യേകം വിശദമായി ചർച്ച ചെയ്ത് അംഗീകരിക്കുകയുണ്ടായി. അതിൽ പ്രധാനമായത് ജനറൽ അക്കൗണ്ട്, കാതോലിക്ക ദിനപ്പിരിവ് എന്നിവയാണ്.

ദേവലോകത്ത് സെൻട്രൽ സെക്രട്ടറിയേറ്റ് കോംപ്ലക്സ്, അരമന ആർച്ച് എന്നിവയ്ക്ക് -53 ലക്ഷവും, എം. ഡി. സെമിനാരി, ബസ്സേലിയോസ് സെന്റർ - 50 ലക്ഷവും, കോട്ടയത്ത് പബ്ലിക് സ്ക്കൂൾ - 45 ലക്ഷവും, വൈദിക ശമ്പള പരിഷ്ക്കരണം-19 ലക്ഷവും, റ്റി. എം. വറുഗീസ് എൻഡോവ്മെന്റ് ഫണ്ട് - 15 ലക്ഷവും കൂടാതെ പീരുമേട് എൻജിനീയറിംഗ് കോളജ്, പഴയസെമിനാരി, വെട്ടിക്കൽ ദയറാ, വള്ളിക്കാട്ടു ദയറാ, കുണ്ടറ സെമിനാരി, കോട്ടയം, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ മെഡിക്കൽ കോളജിനോടനുബന്ധിച്ച് ഗൈഡൻസ് സെന്ററുകൾ, നിലയ്ക്കൽ എക്യുമെനിക്കൽ സെന്റർ, ആംഗമൂഴി സെന്റ് തോമസ് സെന്റർ, തിരുവനന്തപുരം സിവിൽ സർവ്വീസ് അക്കാഡമി എന്നിവയ്ക്കെല്ലാം ഗ്രാന്റുകൾ അനുവദിച്ചിട്ടുണ്ട്.

### സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ

ഭവനനിർമ്മാണ സഹായ പദ്ധതിയിൽ കേന്ദ്ര വിഹിതമായി മൊത്തം 37 ലക്ഷം രൂപാ ഉൾപ്പെടെ, മെത്രാസനങ്ങളുടെയും, ഇടവകകളുടെയും, വ്യക്തികളുടെയും സഹകരണത്തോടെ, 80 ലക്ഷം രൂപായുടെ പണി ഈ സാമ്പത്തിക വർഷം നടത്തുന്നതാണ്.

വിവാഹ സഹായ പദ്ധതിയിൽ 37 ലക്ഷം കേന്ദ്ര വിഹിതം ഉൾപ്പെടെ വിവിധ ഇടവകകളുടെ സഹായത്തോടെ മൊത്തം 70 ലക്ഷം രൂപാ ഈ ഇനത്തിൽ ചെലവഴിക്കുന്നതാണ്.

ബാലഭവനുകൾ, ബാലികാഭവനുകൾ, വൃദ്ധമന്ദിരങ്ങൾ, അഗതിമന്ദിരങ്ങൾ, വികലാംഗർക്കും മന്ദബുദ്ധികൾക്കുമുള്ള സ്ഥാപനങ്ങൾ, അനാഥാലയങ്ങൾ എന്നിവയ്ക്കെല്ലാം സഹായധനം നൽകുന്നതാണ്.

"നാച്ചുറൽ കലാമിറ്റി അസിസ്റ്റന്റ് പ്രൊജക്റ്റിന്റെ" പ്രവർത്തനങ്ങൾക്കായി 43 ലക്ഷം രൂപായുടെ ബജറ്റാണ് അനുവദിച്ചിട്ടുള്ളത്.

കാതോലിക്കാ ബാവാ തിരുമേനിയുടെ മെത്രാൻ സ്ഥാനാഭിഷേക സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഈ വർഷം ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി 5 കോടി രൂപാ ഹൃദ്രോഗികളുടെ ചികിത്സക്കും, ഒരു കോടി രൂപാ മന്ദബുദ്ധികൾക്കുവേണ്ടിയുള്ള ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനും വിനിയോഗിക്കുന്നതാണ്.

കുഷ്ഠരോഗികളുടെ കുട്ടികളെ സംരക്ഷിക്കുന്നതിന് ആന്ധ്രായിൽ "യാച്ചാറാം" എന്ന സ്ഥലത്തുള്ള, "ബാലഗ്രാം", മഹാരാഷ്ട്രയിൽ "പൂന"യിൽ "ബാലികാഗ്രാം", തമിഴ്നാട്ടിൽ കാരാശ്ശേരിയിൽ "കരുണാ" സെന്റർ, കൂടാതെ മദ്ധ്യപ്രദേശങ്ങളിൽ ഇറ്റാർസിയിൽ ബാലഗ്രാം തുടങ്ങി അനേകം സ്ഥാപനങ്ങൾക്ക് രണ്ടുകോടി രൂപായോളം വക കൊള്ളിച്ചിട്ടുണ്ട്.

ഒറീസ്സാ, ഗുജറാത്ത്, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിലും ഇതുപോലുള്ള പല സ്ഥാപനങ്ങൾക്കും തുക അനുവദിച്ചിട്ടുണ്ട്.

1. വെരി. റവ. റമ്പാൻ തെയോഫോറോസ് കോർഎപ്പിസ്കോപ്പാ - മുൻ വർക്കിംഗ് കമ്മറ്റി അംഗം, 2. വെരി. റവ. പി. റ്റി. ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ - മുൻ മാനേജിംഗ് കമ്മറ്റി അംഗം, 3. ശ്രീ. സി. കെ. തേരകത്ത് - മുൻ മാനേജിംഗ് കമ്മറ്റി അംഗം, 4. ശ്രീ. കെ. എം. മാമ്മൻ മാപ്പിള എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

1. മെത്രാൻ സ്ഥാനാഭിഷേക സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന - പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ. Institute of Media studies and Information Technology യുടെ ചെയർമാനായി നിയമിതനായ മാനേജിംഗ് കമ്മറ്റി അംഗം ശ്രീ. ജോർജ്ജ് വറുഗീസ് (U.N.I.) കഴിഞ്ഞ വർഷത്തെ പബ്ലിക് പരീക്ഷകളിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ഓർത്തഡോക്സ് സഭാംഗങ്ങളായ വിദ്യാർത്ഥി വിദ്യാർത്ഥിനികൾ. BSc Chemistry - കുമാരി, ശൈനോ ഹന്ന വറുഗീസ്. BSc Food Science & Quality Control - കുമാരി ദിവ്യ എലിസബത്ത് കുര്യൻ. SSLC - കുമാരി മെറിൽ ഈപ്പൻ. ICSE - Kerala and South Zone - കുമാരി ദിവ്യ റയിച്ചൽ ജോർജ്ജ്. തുടങ്ങിയവർക്ക് അനുമോദന പ്രമേയങ്ങൾ യോഗം പാസ്സാക്കി.



അന്നാമ്മ ചാക്കോ പുതുപ്പള്ളി





ഒരു വശ്വാസി കാട്ടൂർ



ലേഖനം

# പരിശുദ്ധാത്മ ഫലവും വരങ്ങളും

ഫാ. ഡോ. ഒ. തോമസ്



ഒരിക്കൽകൂടി പെന്തിക്കോസ്തി എന്ന വലിയ പെരുന്നാൾ കഴിഞ്ഞു. ദീർഘമായ ശുശ്രൂഷ ആണെന്ന് നേരത്തെ അറിഞ്ഞതിനാൽ മിക്ക പള്ളികളിലും സാധരണ ഞായറാഴ്ചകളിലെ ജനക്കൂട്ടം പോലുമില്ലായിരുന്നു. ചില പള്ളികളിൽ ഏഴുമണിക്ക് ആരംഭിച്ച ശുശ്രൂഷ തീർന്നപ്പോൾ പന്ത്രണ്ടു മണിയായി. ശുശ്രൂഷാ നേതൃത്വം കൊടുക്കുന്ന കാർമ്മികർക്ക് അഞ്ചു മണിക്കൂർ വലിയ ദീർഘമല്ലായിരിക്കാം. എന്നാൽ വിശ്വാസികൾക്ക് അഞ്ചു മണിക്കൂർ ശ്രദ്ധയോടെ ആരാധനയിൽ സംബന്ധിക്കാൻ പ്രയാസം. വിനോദ മേളകളെപോലെ ആസ്വദിച്ച് ആയാസരഹിതമായി ഇരിക്കാവുന്ന ഒന്നല്ലല്ലോ ആരാധന. കൈയും കാലും ഇന്ദ്രിയങ്ങൾ മുഴുവനും സജീവമാകേണ്ട ആരാധന വളരെ ദീർഘമായാൽ സംബന്ധിക്കുന്നവർക്ക് മുഷിപ്പായിത്തീരും. ശരീര മനസ്സുകൾ ക്ഷീണിക്കും. ഇതിനപവാദമായി ചുരുക്കം ചില വ്യക്തികൾ കണ്ടേക്കാം. ഏതായാലും ബഹു ഭൂരിപക്ഷം വരുന്ന വിശ്വാസികൾക്ക് ഇത്രയും ദീർഘമായ ശുശ്രൂഷയിൽ അർഹിക്കുന്ന ഗൗരവത്തോടെ സംബന്ധിക്കാനാവുമോ എന്ന് സംശയം പ്രകടിപ്പിക്കുമ്പോൾ ആരാധനാ വിരുദ്ധമായി അതിനെ ചിത്രീകരിക്കരുതെന്നപേക്ഷിക്കുന്നു.

> സാധാരണക്കാർക്ക് അപ്രാപ്യവും, അപരിമേയവും ഗ്രഹണാതീതവുമായ ദൈവശാസ്ത്രവും, അതിനനുസരിച്ചുള്ള കടുത്ത ഭാഷാ പ്രയോഗങ്ങളും വായിക്കുന്നവർക്കല്ലാതെ കേൾക്കുന്നവരുടെ ഉള്ളിൽ കാര്യമായി സ്പർശിക്കുന്നില്ല. അതോടൊപ്പം ജീവിതത്തിൽ വന്നിട്ടുള്ള ശ്രദ്ധേയമായ മറ്റൊരുമാറ്റം കൂടിയുണ്ട്. എല്ലാവർക്കും പരിശുദ്ധാത്മാവിന്റെ വരങ്ങൾ മതി. ഫലം അത്ര കാര്യമായിട്ടുവേണമെന്നില്ല.

പെന്തിക്കോസ്തി ശുശ്രൂഷയിൽ, വിശ്വാസികൾ കാട്ടുന്ന താല്പര്യക്കുറവ് ആത്മീയ ജീവിതത്തിൽ നാം നേരിടുന്ന കടുത്ത പ്രതിസന്ധിയുടെ ലക്ഷണം കൂടിയാണ്. ദൈർഘ്യത്തെ മാത്രം കുറ്റം പറഞ്ഞിട്ടുകാര്യമില്ല. പരിശുദ്ധാത്മാവുമായി ബന്ധപ്പെട്ട ഉണർവ്വുയോഗങ്ങളിൽ (Charismatic ) സംബന്ധിക്കാൻ പൊതുവെ വിശ്വാസികൾക്ക് താല്പര്യം കൂടി വരുമ്പോൾ, സഭയുടെ മാമോദീസാ പെരുനാളായ പെന്തിക്കോസ്തിയിൽ എന്തുകൊണ്ട് വിശ്വാസികൾക്ക് ഉത്സാഹം ഉണ്ടാകുന്നില്ല? സാധാരണക്കാർക്ക് അപ്രാപ്യവും, അപരിമേയവും ഗ്രഹണാതീതവുമായ ദൈവശാസ്ത്രവും, അതിനനുസരിച്ചുള്ള കടുത്ത ഭാഷാ പ്രയോഗങ്ങളും വായിക്കുന്നവർക്കല്ലാതെ കേൾക്കുന്നവരുടെ ഉള്ളിൽ കാര്യമായി സ്പർശിക്കുന്നില്ല. അതോടൊപ്പം ജീവിതത്തിൽ വന്നിട്ടുള്ള ശ്രദ്ധേയമായ മറ്റൊരുമാറ്റം കൂടിയുണ്ട്. എല്ലാവർക്കും പരിശുദ്ധാത്മാവിന്റെ വരങ്ങൾ മതി. ഫലം അത്ര കാര്യമായിട്ടുവേണമെന്നില്ല.

പെന്തിക്കോസ്തി ശുശ്രൂഷയിലെ ഊന്നൽ വരങ്ങളേക്കാൾ അധികം ഫലത്തിനാണ്. അതായത് യേശുക്രിസ്തുവിന്റെ കൂടെ നടക്കുകയും, താൻ ചെയ്ത അത്ഭുതങ്ങളെല്ലാം നേരിൽ കാണുകയും തന്നെ സ്പർശിക്കുകയും തന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുകയും ഒഴിഞ്ഞ കല്ലറ കാണുകയും ചെയ്തിട്ടും ക്രിസ്തു അവരുടെ ഉള്ളിൽ ആയിട്ടില്ലായിരുന്നു. പെന്തിക്കോസ്തിയിലെ വി. കുർബാനയുടെ ഏവൻഗേലിയോൻ വായിക്കുന്ന (വി. യോഹ. 15:1-14) ശാഖ മുന്തിരി വള്ളിയിൽ വസിക്കുന്ന അനുഭവമാണ് പെന്തിക്കോസ്തിയിലെ വലിയ അത്ഭുതം. അതായത് തങ്ങളുടെ ആളത്വത്തിന് ബാഹ്യമായ ക്രിസ്തു അവരുടെ ഉള്ളിലാകുന്ന ആന്തരികമായ ബന്ധം പരിശുദ്ധാത്മാവ് ശിഷ്യന്മാർക്ക് നൽകി. അതിനെയാണ് ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നത് എന്ന് പൗലോസ് ശ്ലീഹാ വിശേഷിപ്പിച്ചത് (ഗലാ. 2:20) ക്രിസ്തുവിന്റെ ആളത്വത്തെക്കുറിച്ച് ബൗദ്ധികമായി വിശകലനം ചെയ്യാനല്ലാതെ ആളത്വപരമായ ബന്ധത്തിൽ വിശ്വസിക്കുവാനോ അതിൽ നിന്ന് നൈസർഗ്ഗികമായി സദ്ഫലങ്ങൾ പുറപ്പെടുവിക്കുവാനോ വിശ്വാസികളുടെ സമൂഹത്തിന് കാര്യമായി ഇന്ന് സാധിക്കുന്നില്ല. ക്രിസ്തുവുമായി ആളത്വപരമായി ബന്ധമുണ്ടാകുമ്പോൾ മനുഷ്യ സ്വഭാവം, ദൈവസ്വ

# ബൈബിൾ കടങ്കഥകൾ

പി.വി. വർഗ്ഗീസ്, കരയാംപറമ്പ്

ആഗ്രഹമൊരുവനു തന്നുടെയനിയനെ നേരിൽ കണ്ടിടുവാൻ
അഗ്രജനൊരുവനെയതിനായവനും തടവിൽ വച്ചല്ലോ
മോഷണമൊന്നും ചെയ്യാത്തനുജനെ ചേട്ടൻ കാര്യസ്ഥൻ
മോഷ്ടാവാക്കി തൊണ്ടിയെടുത്തൊരു കഥയുണ്ടറിയാമോ?
കാര്യക്കാരൻ ചേട്ടനാര്? അനിയനതാരാണ്?
അറിയാൻ നാല്പതു നാലുല്പത്തി പന്ത്രണ്ടതിലുണ്ട്.

മന്നവനൊരുവനു മാരകമായൊരു രോഗം വന്നൊരുനാൾ
ചൊന്നാനൊരു നിബി അതിനാലവനും മരണപ്പെടുമെന്നും
മരണത്തിൽ നിന്നവനെ രക്ഷിച്ചായുസ്സു നീട്ടിടുവാൻ
കരഞ്ഞുള്ളവനുടെ പ്രാർത്ഥന ദൈവം കേട്ടവനേകി വരം
ആശിച്ചതുപോലായുസ്സു നീട്ടിക്കിട്ടിയതാർക്കാണ്?
യേശയ്യാവിൻ മുപ്പത്തെട്ടിന്റഞ്ചിൽ നോക്കിടുവിൻ

ഭാവമായി രൂപാന്തരപ്പെടുന്നു. ഇവിടെയാണ് പരിശുദ്ധാത്മാവ് ശുദ്ധീകരിക്കുന്നവനാകുന്നു ശുദ്ധീകരിക്കപ്പെടുന്നവനല്ല എന്ന പ്രാർത്ഥന അർത്ഥവത്താകുന്നത്. അതായത് വിശുദ്ധിയുള്ള ആളുമായി, ആഴമേറിയ ബന്ധത്തിൽ വരുവാൻ ആഗ്രഹിക്കാത്തവർക്കും വിശുദ്ധി സ്വായത്തമാകണം. അതാണ് പരിശുദ്ധാത്മാവിന്റെ ഏറ്റവും വലിയ സദ്ഫലം. അങ്ങനെ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ ഗലാ. 5:22-ൽ പറയുന്ന സ്നേഹം, സന്തോഷം, സമാധാനം, ദയ, ദീർഘക്ഷമ, പരോപകാരം, സൗമ്യത, വിശ്വസ്തത എന്നിവ യാതൊരു ബാഹ്യ സമ്മർദ്ദവുമില്ലാതെ ഉണ്ടായിക്കൊള്ളും.

ഇന്ന് വളരെ ഉയർന്ന നിലവാരം അവകാശപ്പെടുന്ന ആത്മീയരിൽ പോലും ഈ ദൈവ സ്വഭാവത്തിലേക്കുള്ള രൂപാന്തരീകരണം കാണുന്നില്ലെന്നു മാത്രമല്ല, അതാണ് ആത്യന്തിക ലക്ഷ്യം എന്ന ദർശനം പോലും നഷ്ടപ്പെട്ടിരിക്കുന്നു. ക്രിസ്തുവുമായുള്ള ബന്ധത്തിൽ അനേകം ഭൗതിക നേട്ടങ്ങളുണ്ടായി എന്ന് സാധാരണ വിശ്വാസികളും, പ്രത്യേക മായ നൽവരങ്ങൾ ലഭിച്ചതായി ആത്മീയ നേതാക്കളും അവകാശപ്പെടുന്നു. എന്നാൽ ഈ വരദാനങ്ങളുടെ പ്രാർത്ഥന പെന്തിക്കോസ്തി ശുശ്രൂഷയിൽ കാര്യമായി കാണുന്നില്ല. വായനാ ഭാഗങ്ങളിൽ അവയെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, അത്ഭുത രോഗശാന്തിയും പ്രവചനവരവും ഭാഷാവരവുമൊന്നും പ്രാർത്ഥനകളിൽ ആവശ്യപ്പെടുന്നതേയില്ല. പിതാക്കന്മാർ അർത്ഥവത്തായിട്ടായിരിക്കണം അങ്ങനെ ചെയ്തത്. Charisma എന്നത് unmerited grace ആണ് അതായത് ഒരുവന്റെ നന്മ മാത്രം നോക്കി ദൈവം കൊടുക്കുന്നതല്ല. അത് വിശ്വാസികൾക്കു മാത്രമല്ലാ മറ്റുള്ളവർക്കും പരിശുദ്ധാത്മാവ് നൽകുന്നു. കാരണം സമൂഹത്തിന്റെ നന്മയ്ക്കും നിലനിൽപ്പിനും അത്യാവശ്യമായതുകൊണ്ടു തന്നെ. നോബൽ സമ്മാനം നേടിയ അമർത്യാസെൻ ദൈവവിശ്വാസിയൊന്നുമല്ല. എന്നാൽ ലോകത്തിലെ പട്ടിണിപ്പാവങ്ങളുടെ ദാരിദ്ര്യത്തെയും അതിനെ നിർമ്മാർജ്ജനം ചെയ്യേണ്ട വഴികളെയും കുറിച്ചു വളരെ ഉൾക്കാഴ്ചകൾ അദ്ദേഹം ലോകത്തിനു നൽകി. വികസനത്തിന്റെ പേരിൽ കുരിശിക്കപ്പെട്ട അനേകായിരങ്ങൾക്കു വേണ്ടി ധർമ്മ സമരം നടത്തുന്ന മേധാപട്ക്കറുമൊക്കെ അസാധാരണമായ വരങ്ങൾ പ്രാപിച്ചിട്ടുള്ളവരാണ്. ശാസ്ത്രം, കല, സാഹിത്യം, സംഗീതം, വൈദ്യം തുടങ്ങി എല്ലാ മേഖലകളിലും മനുഷ്യ സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പരിശുദ്ധാത്മാവ് പ്രത്യേകമായ വരങ്ങൾ എന്നും നൽകിക്കൊണ്ടാണിരിക്കുന്നത്. പലരും അതു തിരിച്ചറിയുന്നുണ്ടാവില്ല. ഇത് തങ്ങളുടെ മിടുക്കു കൊണ്ടാണെന്ന് അവകാശപ്പെടുകയും, അതിന്റെ പേരിൽ സമൂഹത്തിൽ നിന്ന് പേരും പെരുമയും, അംഗീകാരവും, അതിലധികമായി പണവും പാവപ്പെട്ട വിശ്വാസികളിൽ നിന്ന് തട്ടിയെടുക്കുന്നവർ ഏതു സഭയിൽപെട്ടവരായാലും അവർക്ക് യഥാർത്ഥ പരിശുദ്ധാത്മ നൽവരം ലഭിച്ചിട്ടുണ്ടോ എന്ന് സംശയിക്കണം. വരങ്ങളെല്ലാം സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പരിശുദ്ധാത്മാവ് സൗജന്യമായി നൽകുന്നതാണ്. സ്വന്തമായി പ്രയോജനപ്പെടുത്തുവാൻ തക്ക സ്വാർത്ഥതയുള്ള മനുഷ്യൻ അധികം വരങ്ങൾ ആവശ്യപ്പെടാതിരിക്കുന്നതാണ് നല്ലത്. വിശ്വാസികൾക്കു വേണ്ടത് ക്രിസ്തുവിൽ ഒന്നായിത്തീരുവാനും ദൈവസ്വഭാവത്തിൽ വളരുവാനുമുള്ള ഇച്ഛാശക്തിയാണ്. ആ ഇച്ഛാശക്തി പ്രബലപ്പെടുമ്പോൾ പരിശുദ്ധാത്മ ഫലം പുറപ്പെടുവിക്കാൻ എല്ലാവർക്കും സാധിക്കും അതിന്റെ പ്രത്യക്ഷമായ അനുഭവം സ്നേഹം തന്നെയായിരിക്കും. ഈ ഫലം എല്ലാവർക്കും പുറപ്പെടുവിക്കാം. വരങ്ങൾ ദൈവം നൽകുന്നതനുസരിച്ചു മാത്രമേ സാദ്ധ്യമാവൂ. അത് സ്വന്ത പ്രയോജനത്തിനല്ലാ സമൂഹത്തിനായിട്ടാണ് നൽകപ്പെടുന്നത്. ആരാധനയിലെ ദുർഗ്രാഹ്യതയും ഫലത്തേക്കാൾ, സ്വാർത്ഥ പ്രേരിതമായ വരങ്ങളെ ആഗ്രഹിക്കുന്ന വഴിതെറ്റിയ ആത്മീയതയും മഹത്തായ പെന്തിക്കോസ്തി പെരുന്നാളിന്റെ ശോഭയെ കെടുത്തിയിട്ടില്ലേ എന്ന് ചിന്തിച്ചു പോകുന്നു.

❖

For the
blessed memory of

**MAR GABRIEL**

called to the Lord
at Kottayam Cheriapally

PAULOSE JACOB
KIZHAKEATTATHU



ലേഖനം

# സത്യമുള്ള ത്രിയേക ദൈവത്തിന്റെ സാരാംശമെന്ത്?

ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത

ഗ്രീക്ക് തത്വജ്ഞാനികൾ പ്രപഞ്ചത്തിന്റെ സാരാംശം എല്ലാറ്റിനെയും ദഹിപ്പിക്കുന്ന അഗ്നിയാണെന്നും, അഗ്നി കെടുത്തുന്ന ജലമാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. ആറ്റം വിഭജിക്കുവാൻ പാടില്ലാത്തതാണന്ന് വാദിച്ചു. എന്നാൽ ശാസ്ത്രം പുരോഗമിച്ചപ്പോൾ ആറ്റത്തെ വിഭജിക്കാമെന്ന് കണ്ടുപിടിച്ചു. അതുകൊണ്ട് ആറ്റംബോംബ് നിർമ്മിച്ചു. ഇപ്പോൾ ഹൈഡ്രജൻ ബോംബും നിർമ്മിച്ചിരിക്കുകയാണ്. ബ്രഹ്മന്റെ സാരാംശം രണ്ടില്ല എന്ന് പറയാതെ രണ്ടല്ല ഒന്നാണെന്ന് ശങ്കരാചര്യർ വാദിച്ചു. ഏകത്വവാദ (മോണിസാമല്ല ശങ്കരാചാര്യന്റേത്. ബ്രഹ്മൻ അപരിമിതേയനും വ്യാഖ്യാനിക്കുവാൻ ആർക്കും കഴിയാത്തവനുമാണ്, എന്ന് ശങ്കരാചര്യൻ കേവലാദ്വൈതം സ്ഥാപിച്ചു. ഇങ്ങനെ രാമാനുജാചാര്യൻ അതേ വേദങ്ങളുടെ അടിസ്ഥാനത്തിൽ വിശിഷ്ഠാദ്വൈതവും സ്ഥാപിച്ചു. യഹൂദ മതത്തിൽ (ലേവ്യ. 19:2) "നിങ്ങളുടെ ദൈവമായ യഹോവ എന്ന ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരാകുവിൻ" എന്ന അടിസ്ഥാനത്തിൽ സഭാ പിതാക്കന്മാർ ദൈവത്തിന്റെ സാരാംശം വിശുദ്ധിയാണെന്ന് വാദിച്ചു. എന്നാൽ യഹോവയയായ ഞാൻ വിശുദ്ധൻ എന്ന് പറഞ്ഞിരിക്കുന്നത്, ത്രിയേക ദൈവത്തിലെ ഏകത്വത്തെക്കുറിച്ചുമാത്രമാണ്. സഭാപിതാക്കന്മാരും ദൈവത്തിന്റെ സാരാംശം വിശുദ്ധിയാണെന്ന് വിശ്വസിച്ചു പോന്നു. ഇസ്ലാമിൽ ത്രിത്വവിശ്വാസം ഇല്ലെങ്കിലും, കരുണാമയനായ അള്ളാഹുവിന്റെ സാരാംശം കരുണയാണന്ന് (compassion) വി. ഖുറാനിൽ പറയുന്നു. പോപ്പുലർ ഹിന്ദു മതത്തിൽ ശ്രീരാമനെ സ്നേഹമായിട്ടാണ് രാമായണത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. മഹാത്മാഗാന്ധി ദൈവം സത്യമാണന്ന് പഠിപ്പിച്ചു.

ത്രിയേക ദൈവം, വൈരുദ്ധ്യാധിഷ്ഠിതമായ ഒരു യാഥാർത്ഥ്യമാണ്. ദൈവം ഒരേ സമയത്തു തന്നെ, ഏകനും ത്രിയേകനുമായിരിക്കുന്നത് എങ്ങനെ എന്ന ചോദ്യം പ്രസക്തമാണ്. ദൈവം സ്നേഹമാണെന്നുള്ള പുതിയ നിയമ നിർവചനം (1 യോഹ. 4:8, 16) വൈരുദ്ധ്യാധിഷ്ഠിതമായ വ്യാഖ്യാനമാണ്. മൂന്നു ദൈവങ്ങളില്ല, ഒരു ത്രിയേക ദൈവമേയുള്ളു എന്നത് സ്നേഹത്തിന്റെ ഒരു നിർവചനമാണ്. ദൈവം സത്യവാനും വിശുദ്ധനും ആയിരിക്കുവാൻ ഏകത്വത്തിന് സാധിക്കും എന്നാൽ ത്രിയേകത്വത്തിൽ മാത്രമേ, സ്നേഹമായിരിപ്പാൻ കഴിയുകയുള്ളു. ത്രിയേക ദൈവം സാമൂഹിക ദൈവമാണ് (Social God).

### പല വ്യക്തികൾ ചേർന്നാൽ ഒരു സമൂഹമാകുമോ?

സ്നേഹത്തിന്റെ ഐക്യത കൂടാതെ സമൂഹമില്ല. വ്യക്തിപ്രധാനമായ Capitalis ത്തിന്റെ അരസത്യവും, സാമൂഹ്യ പ്രധാനമായ കമ്യൂണിസത്തിന്റെ അരസത്യവും ചേർന്നെങ്കിൽ മാത്രമെ, ത്രിയേക ദൈവത്തിൽ അടങ്ങിയിരിക്കുന്ന പൂർണ്ണ സത്യം വെളിപ്പെടുകയുള്ളു. ദൈവം സ്നേഹമാണന്നല്ല, വിശുദ്ധ സ്നേഹമാണെന്നാണ് പുതിയ നിയമം പഠിപ്പിക്കുന്നത്.

'ഓം', എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന ബ്രഹ്മന്റെ മറ്റൊരു പേരാണിത്. യേശുക്രിസ്തുവിനെക്കുറിച്ച് ആൽഫയും ഒമേഗയും താനാണന്ന് പറഞ്ഞിരിക്കുന്നത്, ദൈവത്തിന്റെ പൂർണ്ണ വെളിപാടാണ് താനെന്ന സത്യമാണ് ഉൾക്കൊണ്ടിരിക്കുന്നത്. യേശുക്രിസ്തുവിനെക്കുറിച്ച്, സത്യ ദൈവവും നിത്യ ജീവനും (1 John. 5:20), മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ യേശു ക്രിസ്തു (Titus 2:13), Logos ദൈവമാകുന്നു (John 1:1) വചനം ജഡമായിത്തീർന്നു (യോഹ. 1:14), ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ മനുഷ്യനായി (ഫിലി. 2:5) എന്നുള്ള അനേക് വാക്യങ്ങൾ പഠിച്ചതിന്റെ ഫലമായിട്ടാണ് സാരാംശത്തിൽ, പിതാവിന്റെ അതേ സാരാംശമെന്ന്, നിഖ്യാ വിശ്വാസത്തിൽ പറഞ്ഞിരിക്കുന്നത്. ഈ ക്രിസ്തീയ വിശ്വാസം, ക്രിസ്ത്യാനികളുടെ മാത്രം വിശ്വാസമായിരിക്കുന്നത് മാറ്റിയെങ്കിൽ മാത്രമേ, യേശുക്രിസ്തു എല്ലാവരുടെയും ദൈവമാണെന്ന് പഠിപ്പിക്കുവാൻ സാധിക്കൂ. ദൈവത്തിന്റെ സാരാശം സ്നേഹമാണെന്ന് എല്ലാ മതങ്ങളും വിശ്വസിക്കേണ്ട കാലം വൈകിയിരിക്കുന്നു. ആ വിശുദ്ധ സ്നേഹം, തെളിയിക്കുന്ന പ്രധാന വാക്യമാണ് (യോഹ. 3:16) "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."

ദൈവം ലോകത്തെ സ്നേഹിച്ച് പുത്രനെ തന്നു, എന്നത് അതുപോലെ വ്യാഖ്യാനിക്കേണ്ടതിനു പകരം, ദൈവം സഭയെ സ്നേഹിച്ചു പുത്രനെ തന്നു, എന്ന വിധത്തിലാണ്, പലരും വിശ്വസിക്കുന്നത്. സ്വർഗ്ഗീയ പിതാവ്, തന്റെ മക്കളെയെല്ലാം സ്നേഹിച്ചിട്ടാണ്, പുത്രനെ തന്നത്. യോഹ. 14:6-ൽ "ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു, ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" എന്നത് വ്യാഖ്യാനിക്കേണ്ടത്,

9-ാം ചരമവാർഷികം

26-5-2003



**Mr. K.O. Ukkuru**

Rtd. Civil Engineer

Ex. Trustee - ആർത്താറ്റു

കുന്നംകുളം മഹാ ഇടവക

6-ാം ചരമവാർഷികം

24-6-2003



**Mrs. Kunjai Ukkuru**

30-ാം ചരമവാർഷികം

21-6-2003



**Mrs. MOLLY JOHN**

ജനനം: 9-11-1948

*Inserted by*


**K.O. ABRAHAM (UNNY)**

IDEAL ENGINEERS
BANGUR NAGAR
GOREGAON WEST, MUMBAI-400090
TEL-8725027/8733081-98208-91272

KOOTHOOR HOUSE
SOUTH BAZAR
KUNNAMKULAM




# വെരി. റവ. തെയോഫോറോസ് റമ്പാൻ അന്തരിച്ചു



കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭാ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് മുൻ ഓഫീസ് സെക്രട്ടറി തെയോഫോറോസ് റമ്പാൻ (81) അന്തരിച്ചു. കബറടക്കം ആറാട്ടുപുഴ സെന്റ് മേരീസ് പള്ളിയിൽ പ. കാതോലിക്കാബാവായുടെയും അഭിവന്ദ്യ മെത്രാപ്പോലീത്താമാരുടെയും കാർമ്മികത്വത്തിൽ നടത്തി.

സഭാ വർക്കിങ്ങ് കമ്മറ്റി, മാനേജിംഗ് കമ്മറ്റി എന്നിവയിൽ അംഗമായി ദീർഘകാലം പ്രവർത്തിച്ചു. അനാരോഗ്യം മൂലം വിരമിച്ച് കാതോലിക്കേറ്റ് അരമനയിൽ വിശ്രമിച്ചു വരികയായിരുന്നു. അധ്യാപകൻ, പ്രഭാഷകൻ, സാമൂഹിക പ്രവർത്തകൻ എന്നീ നിലകളിൽ ശ്രേഷ്ഠമായ സേവനമാണ് അദ്ദേഹം അനുഷ്ഠിച്ചത്. ചെങ്ങന്നൂർ ആറാട്ടുപുഴ താഴത്തേടത്തു കുളഞ്ഞിക്കൊമ്പിൽ ടി.ഒ. ചാക്കോയുടെയും കോഴഞ്ചേരി തെക്കേമല കാഞ്ഞിരം നിൽക്കുന്നതിൽ ശോശാമ്മയുടെയും പുത്രനാണ്.

ആറാട്ടുപുഴ പുത്തൻകാവു സ്ക്കൂളിലെ വിദ്യാഭ്യാസത്തിനുശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് ഇന്റർമീഡിയറ്റും ബി.എസ്സിയും നേടി. മലേഷ്യയിൽ പോയി ജോലി നോക്കിയെങ്കിലും രാജിവച്ചു നാട്ടിൽ തിരിച്ചെത്തി സഭാസേവനത്തിനായി ജീവിതം അർപ്പിക്കുകയായിരുന്നു. 1948ൽ ശെമ്മാശുപട്ടവും 1960ൽ വൈദിക പട്ടവും ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക ബാവയിൽ നിന്നു സ്വീകരിച്ചു.

കൽക്കട്ട ബിഷപ്സ് കോളജിൽ നിന്നു ദൈവശാസ്ത്രത്തിൽ ബി.ഡി. ബിരുദമെടുത്തു. തുടർന്നു തുമ്പമൺ ഭദ്രാസന സെക്രട്ടറിയായി നിയമിതനായി. 1948-ൽ പുത്തൻകാവ് ഹൈസ്ക്കൂൾ ആരംഭിച്ചപ്പോൾ അവിടെ അധ്യാപകനായി.

സഭാവക വിവിധ സ്ക്കൂളുകളിൽ ഹെഡ്മാസ്റ്ററായി പ്രശസ്ത സേവനമനുഷ്ഠിച്ച അദ്ദേഹം കേരള പ്രൈവറ്റ് സ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്. അദ്ധ്യാപകർക്കുള്ള സംസ്ഥാന, ദേശീയ അവാർഡുകൾക്ക് അർഹനായി.

1980 ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവ കോർ എപ്പിസ്ക്കോപ്പ സ്ഥാനവും 1987 റമ്പാൻ സ്ഥാനവും നൽകി. ❖

## ഫാ. റ്റി. എം. ജോർജ്ജ്



മദ്രാസ് ഭദ്രാസനത്തിലെ സീനിയർ വൈദീകനും കോഴഞ്ചേരി, നെല്ലിക്കാലാ തോട്ടത്തിൽ പരേതനായ റ്റി. റ്റി. മത്തായിയുടെയും അന്നമ്മയുടെയും പുത്രനുമായ റവ. ഫാ. റ്റി. എം. ജോർജ്ജ് 10-5-03-ൽ മദ്രാസിൽ നിര്യാതനായി. 12-5-03-ൽ അഭിവന്ദ്യ യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മീകത്വത്തിൽ മദ്രാസ് സെമിത്തേരിയിൽ ശവസംസ്ക്കാര ശുശ്രൂഷ നടത്തി.

1929-ൽ കോഴഞ്ചേരിയിൽ ജനിച്ചു. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 1950 മുതൽ 1954 വരെ ഓർത്തഡോക്സ് വൈദിക സെമിനാരി പഠനം നിർവഹിച്ചു. 1958-ൽ കോട്ടയം സി.എം.എസ്. കോളജിൽ നിന്നും ബി.എ. ബിരുദം നേടി. 1968-ൽ അമേരിക്കയിലെ ബാസ്റ്റേൺ തിയോളജിക്കൽ സെമിനാരി (മുളിഗൺ) യിൽ നിന്നും M.Th ബിരുദം കരസ്ഥമാക്കി.

1959-ൽ വിവാഹിതനായി. ഭാര്യ കാർത്തികപ്പള്ളി പന്നിമറ്റത്ത് സൂസി ജോർജ്ജ്.

1959 ഒക്ടോബർ 25-നു പരുമല സെമിനാരിയിൽ വച്ച് പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്നും കശ്ശീശാ പട്ടം സ്വീകരിച്ചു. 1954 മുതൽ 1958 വരെ അഭിവന്ദ്യ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ (പിന്നീട് പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ) സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിരുന്നു.

1959 ഒക്ടോബർ 1990 വരെ ബാഹ്യ കേരള ഭദ്രാസനത്തിൽപെട്ട ഭിലായി, അംബാല, ബഹറിൻ, ജലഹാലി, പൂന, മലയാ, സിംഗപ്പൂർ, ഡൽഹി, മദ്രാസ്, ബൊക്കാറോ, മസ്ക്കറ്റ്, റൂർക്കല, വിശാഖപട്ടണം എന്നീ പള്ളികളിൽ സേവനം അനുഷ്ഠിച്ചു 1990 മുതൽ മദ്രാസിൽ അണ്ണാ നഗറിൽ സ്ഥിരതാമസമായി. മലങ്കരസഭാ മാസികയുടെ ആയുഷ്ക്കാല വരിക്കാരനായിരുന്നു.

മക്കൾ: ആനി ജോർജ്ജ്, ജോർജ്ജ് മാത്യു

മരുമക്കൾ: വി. പി. കുര്യാച്ചൻ, കൊച്ചുമോൾ ❖



ഒരു വിശ്വാസി
നെല്ലിയാടി



എൽസി
ചിറ്റണ്ടൂർ



ഏലിസബേത്ത്
തിരുവല്ല



ജീനാ മാത്യു
നെടുമാവ്

## പാവനസ്മരണയ്ക്ക്



**കുഞ്ഞമ്മ സ്ക്കറിയ**

**തൈക്കൂട്ടത്തിൽ, ഓമല്ലൂർ**

## പാവനസ്മരണയ്ക്ക്



*Inserted by:-*

**ഹോളി ട്രിനിറ്റി ആശ്രമാംഗങ്ങൾ**

ജൂലൈ 23-ാം തീയതി ആശ്രമ ദേവാലയത്തിൽ വച്ച് പ. കാതോലിക്കാ ബാവാ തിരുമനസ്സിന്റെ മുഖ്യ കാർമ്മികത്വത്തിൽ ഓർമ്മപ്പെരുന്നാൾ നടത്തപ്പെടുന്നു.

# മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ മെത്രാൻ സ്ഥാനാഭിഷേക രജത ജൂബിലി ആഘോഷം

ന്യൂയോർക്ക്: കടന്നുപോന്ന വഴികളിലെല്ലാം പ്രകാശം പരത്തി, ജീവിതത്തിന്റെയും ചുമതലകളുടെയും അന്തസ് വിശ്വസ്തതയോടെ പാലിച്ച് മലങ്കര ഓർത്തഡോക്സ് സഭയുടെ അമേരിക്ക ഭദ്രാസനത്തെ സുധീരം മുന്നോട്ട് നയിക്കുന്ന മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ മെത്രാൻ സ്ഥാനാഭിഷേക രജത ജൂബിലി ന്യൂ ബെസ് പാർക്കിലെ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ ഭക്തി നിർഭരമായി നടന്നു. ജീവിത സത്യങ്ങൾക്കും വസ്തുതകൾക്കും നിറപ്പകിട്ട് കൊടുക്കാതെ, താൻ നയിക്കുന്ന ജീവിത വിശുദ്ധിയെ വ്രതമായി കണക്കാക്കുന്ന തിരുമേനിയുടെ വ്യക്തിപ്രഭാവത്തെപ്പറ്റി ആശംസാ പ്രസംഗങ്ങൾ നടത്തിയവരെല്ലാം ശ്ലാഘിച്ചു.

ജീവിക്കുന്ന വിശുദ്ധനായി, തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ബർന്നബാസ് തിരുമേനിയെ വിശേഷിപ്പിച്ചു. ദൈവത്തിന്റെ കരുണ ബർന്നബാസ് തിരുമേനിയോടുകൂടി എപ്പോഴും ഉണ്ടെന്ന് പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ പറഞ്ഞു.

മലങ്കര റീത്തിലെ നോർത്ത് അമേരിക്കാ/ കാനഡാ അപ്പോസ്തോലിക് വിസിറ്റർ ഐസക് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ, ബർന്നബാസ് തിരുമേനിയുമായുള്ള തന്റെ സ്നേഹത്തെപ്പറ്റി വിശദമായി സംസാരിച്ചു. 2001-ൽ അമേരിക്കയിൽ വന്നപ്പോൾ ആദ്യമായി പോയി കണ്ട് അനുഗ്രഹം വാങ്ങിച്ചത് ബർന്നബാസ് തിരുമേനിയുടെ അടുക്കൽ നിന്നായിരുന്നു എന്ന് അദ്ദേഹം പറഞ്ഞു. അമേരിക്കൻ ഭദ്രാസന സഹായ മെത്രാപ്പോലീത്താ സഖറിയാസ് മാർ നിക്കളാവോസ് കോഴിക്കോട് ഹൈസ്കൂളിൽ താൻ പഠിക്കുമ്പോൾ ബർന്നബാസ് മെത്രാപ്പോലീത്തായെ ആദ്യമായി കണ്ട കാര്യം അനുസ്മരിച്ചു. അന്നദ്ദേഹം സൈക്കിളിൽ സഞ്ചരിക്കുന്ന അച്ചനായിരുന്നു. കാലങ്ങൾ കഴിഞ്ഞ് അമേരിക്കയിൽ അദ്ദേഹത്തിന്റെ കൂടെ സഭാ സേവനം നടത്താനാവുന്നതിൽ അദ്ദേഹം സന്തോഷവും പ്രകടിപ്പിച്ചു. വെരി. റവ. ഡോ. പി. എസ്. സാമുവൽ കോർ-എപ്പിസ്ക്കോപ്പാ, വെരി. റവ. പൗലൂസ് ആദായി കോർ-എപ്പിസ്ക്കോപ്പാ, ഫാ. എം. ജോൺസൺ, ഫാ. മത്തായി ഇടയനാൽ, ഫാ. ഫിലിപ്പ് സി. ഏബ്രഹാം, തോമസ് റ്റി ഉമ്മൻ, ജോസഫ് ചാണ്ടി, ജോർജ് എം. ഗീവറുഗീസ്, ഏബ്രഹാം പോത്തൻ, വെരി. റവ. കെ. മത്തായി കോർ-എപ്പിസ്ക്കോപ്പാ, ഫിലിപ്പോസ് ഫിലിപ്പ്, ജോയി ലൂക്കോസ്, ലിസിയാമ്മ കുരുവിള തുടങ്ങിയവരും ആശംസാ പ്രസംഗങ്ങൾ നടത്തി. ഈ ജൂബിലി ആഘോഷം സംബന്ധിച്ച് ന്യൂയോർക്ക് പുസ്റ്ററ്റ് പുറപ്പെടുവിച്ച പ്രൊക്ലമേഷൻ ഡോ. പോൾ തോട്ടത്തിൽ വായിച്ചു. മർത്തമറിയം വനിതാ സമാജത്തിന്റെ സമ്മാനം സാറാമ്മ ജോണും, മെൻസ് ഫോറത്തിന്റെ പ്രശംസാ ഫലകം ഏബ്രഹാം പോത്തനും നൽകി. ബർണബാസ് തിരുമേനിയുടെ പേരിൽ തുടങ്ങുന്ന ഫൗണ്ടേഷന് വേണ്ടിയുള്ള ആദ്യ തുക മേരി എണ്ണശ്ശേരിൽ നൽകി.

ബർണബാസ് തിരുമേനി നടത്തിയ മറുപടി പ്രസംഗത്തിൽ താൻ ഒരു സാധാരണ മനുഷ്യനാണെന്നും ദൈവം നടത്തുന്നതനുസരിച്ച് ജീവിക്കുന്നുവെന്നും പറഞ്ഞു. കഴിഞ്ഞ കാലങ്ങളിൽ വന്ന ശരീരികാസ്വസ്ഥതകൾ മനസിനെ കൂടുതൽ ബലപ്പെടുത്തിയതായും ലാളിത്യമായി ജീവിക്കുവാനുള്ള കരുത്ത് നൽകിയതായും തിരുമേനി വെളിപ്പെടുത്തി. നിമ്മി തോമസുംആൻസി കോശിയും ഗാനങ്ങൾ ആലപിച്ചു. ഭദ്രാസന അത്മായ ട്രസ്റ്റി കോരസൺ വറുഗീസ് സ്വാഗതവും, ഭദ്രാസന കൗൺസിൽ മെമ്പർ വറുഗീസ് പോത്താനിക്കാട് കൃതജ്ഞതയും രേഖപ്പെടുത്തി. സഭാ മാനേജിംഗ് കമ്മറ്റി മെമ്പർ കോര കെ. കോര ആയിരുന്നു മാസ്റ്റർ ഓഫ് സെറിമണി.

## സെന്റ് ഗ്രീഗോറിയോസ് ധ്യാനകേന്ദ്രം

തിരുവനന്തപുരം ഭദ്രാസനത്തിൽ ഉമ്മന്നൂർ മാർ ശെമവൂൻ ദെസ്തുനി ഓർത്തഡോക്സ് ദേവാലത്തിൽ പരിശുദ്ധ പരുമല തിരുമേനിയുടെ മധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്. "സെന്റ് ഗ്രീഗോറിയോസ് ധ്യാന കേന്ദ്രം" ആരംഭിച്ചു. തിരുവനന്തപുരം ഭദ്രാസനാധിപൻ അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ് ഉദ്ഘാടനം ചെയ്തു. എല്ലാ മാസവും രണ്ടാം ശനിയാഴ്ച നടത്തപ്പെടുന്ന ധ്യാനയോഗങ്ങളിൽ വിവിധ ദേശങ്ങളിൽ നിന്ന് അഞ്ഞൂറിൽ പരം വിശ്വാസികൾ വന്നു സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചുവരുന്നു. ധ്യാനകേന്ദ്രം നടത്തിപ്പിനായി പി. വി. അലക്സാണ്ടർ കൺവീനറായുള്ള 10 അംഗ കമ്മറ്റിയും സാധു സംരക്ഷണ സമിതിയും പ്രവർത്തിക്കുന്നു. ധ്യാന കേന്ദ്രം ഡയറക്ടറായി ഫാ. മാത്യു നൈനാൻ സേവനം അനുഷ്ഠിക്കുന്നു.

**MATRIMONIAL**

Banglore settled aristocratic family orthodox parents invite proposals for their son. 29, 164 c.m. handsome PUC+ Soft ware Engineer diploma, owing his own computer programing centre. God fearing good looking girls with computer skill prefered.

Box No. 298
Malankara Sabha
Devalokam-686038




തന്നെ. ഇതാണ് യേശു തന്റെ ശിഷ്യന്മാരെ അത്ഭുത പ്രവൃത്തിയായി പഠിപ്പിച്ചത്. ഭക്ഷണ ക്രമത്തിൽ ഭക്തി പാലിക്കാനും, ബലഹീനരെ വിശ്വാസത്തിൽ വളർത്തുവാനും, വിശക്കുന്നവരെ പോഷിപ്പിക്കുവാനും നമുക്ക് സാധിക്കണം.

**ജൂലൈ 27**

## പെന്തിക്കോസ്തിക്കു ശേഷം ഏഴാം ഞായർ

**സന്ധ്യ: വി. മത്തായി 12:30–37, പ്രഭാതം വി. മത്തായി 12:38–50**
**വി. കുർബ്ബാന: മർക്കോ. 3:20–30, അപ്പോ. പ്ര. 4:32–37**

ഇന്നത്തെ വി. കുർബ്ബാനയുടെ ഏവൻഗേലിയോനും, സന്ധ്യയുടേയും, പ്രഭാതത്തിന്റെയും ഏവൻഗേലിയോനും പരസ്പര ബന്ധമുള്ളതുകൊണ്ടാണ് എല്ലാം ഇവിടെ കുറിച്ചിരിക്കുന്നത്. യേശുവിന്റെ ജീവിതവും ശുശ്രൂഷയും തിന്മയുടേയും, സാത്താന്യ ശക്തികളുടേയും മേൽ വിജയം പ്രഖ്യാപിക്കുന്ന പ്രവർത്തനങ്ങളായിരുന്നു. തന്റെ അത്ഭുത പ്രവൃത്തികൾ എല്ലാം തന്നെ ദൈവരാജ്യം ആഗതമായി എന്നതിന്റെ ദൃശ്യമായ അടയാളങ്ങളാണ്. ഈ ദൃശ പ്രവർത്തനങ്ങൾ ദൈവശക്തിയുടെയും അധികാരത്തിന്റെയും വെളിപ്പാടായിരിക്കെ, അതംഗീകരിക്കുവാൻ വിമുഖത കാട്ടിയ യഹൂദമതനേതാക്കൾ, അതിനെ ദുർ വ്യാഖ്യാനം ചെയ്തു. പരീശന്മാരുടെ ചിന്തക്കതീതരായി 3 വാദങ്ങൾ യേശു ഉന്നയിച്ചു.

1. സാത്താന്റെ ശക്തികൊണ്ടാണ് പിശാചുകളെ പുറത്താക്കുന്നതെങ്കിൽ സാത്താന്റെ രാജ്യം നശിക്കും.

2. യഹൂദന്മാരിൽ ചിലർ ഭൂതോച്ചാടനം ചെയ്യുന്നുണ്ട് എന്നുള്ള വസ്തുത അവർ അംഗീകരിക്കുന്നു. അതുപോലെ യേശുവിന്റെ പ്രവൃത്തി പരിശുദ്ധാത്മാവിനാൽ പ്രേരിതമായിട്ടാണെന്ന് അവർ അംഗീകരിക്കണം.

3. ശക്തനായ സാത്താന്റെ മേൽ യേശു ആധിപത്യം സ്ഥാപിച്ചില്ലായിരുന്നു എങ്കിൽ പിശാചുകളെ പുറത്താക്കുവാൻ യേശുവിനു കഴിയുമായിരുന്നില്ല. അതുകൊണ്ട് തന്നോട് ചേർന്നു നിൽക്കണം, പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ പിശാചിന്റെ പ്രവർത്തനമായി ചിന്തിക്കരുത്.

തന്റെ അധികാരത്തിന്റെ ഉറവിടം ദൈവമാണ്. ഈ സത്യം വെളിപ്പെടുത്തുന്നത് പരിശുദ്ധാത്മാവാണ്. വെളിപ്പെടുത്തപ്പെട്ട സത്യം നിരാകരിക്കുന്നത് പരിശുദ്ധാത്മ പ്രവർത്തനത്തിന് എതിരാണ്. അവിശ്വാസത്തിൽ കഴിയുന്നവർക്ക് യോനായുടെ അടയാളമല്ലാതെ മറ്റൊന്നും ലഭിക്കുകയില്ലായെന്ന് അവൻ പറയുന്നു. നിനുവാക്കാർക്ക് രക്ഷയുടെ സന്ദേശം യോനാ നൽകിയപ്പോൾ അവർ അനുതപിച്ചു രക്ഷ പ്രാപിച്ചു. ഇവിടെ യോനായെക്കാൾ വലിയവൻ അടയാളങ്ങൾ പ്രവർത്തിച്ചിട്ടും അനുതാപമുണ്ടാകാത്തതിൽ അവൻ ആശ്ചര്യപ്പെടുന്നു. ശേബാ രാജ്ഞി ശലോമോന്റെ വിജ്ഞാനം ശ്രവിക്കുവാൻ യെറുശലേമിൽ എത്തി. ശലോമോനെ ശ്രവിച്ചപ്പോൾ അവൾക്ക് ആദരവും അതിശയവുമായി. ഇവിടെ ശലോമോനെക്കാൾ വലിയവൻ വന്നിട്ടും അവർ വിശ്വസിക്കുന്നില്ലാത്തതിനാൽ നിനുവേക്കാരും, ശേബാരാജ്ഞിയും ഈ തലമുറയെ ന്യായം വിധിക്കും. ആകാശത്തിലേക്കു നോക്കി ഋതുഭേദങ്ങളെ മനസിലാക്കാൻ അവർക്ക് കഴിവുണ്ടെങ്കിലും മശിഹായുടെ ആഗമനത്തിന്റെ അടയാളങ്ങൾ കാണാൻ കണ്ണില്ലാതെ പോകുന്നു.

ആത്മപരിശോധനയും അനുതാപവും വഴി ഹൃദയത്തിൽനിന്ന് തിന്മകളെ നീക്കം ചെയ്ത് നന്മകൾ കൊണ്ടും സൽപ്രവൃത്തികൊണ്ടും ജീവിതത്തെ സമ്പുഷ്ടമാക്കണം. പൈശാചിക ചിന്തകളെ ബഹിഷ്ക്കരിച്ച് പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിന് നാം വിധേയപ്പെടണം. യേശുവിലുള്ള വിശ്വാസം എപ്പോഴും ത്യാഗാത്മകമാണ്. വിശ്വാസം എന്നുള്ളത് സ്വയം അറിയുന്നതും, സ്വയം ത്യജിക്കുന്നതുമാണ്. ഭവിഷ്യത്ത് എന്തായിരിക്കുമെന്ന് ചിന്തിക്കാതെ യേശുവിൽ നമ്മെത്തന്നെ അർപ്പിക്കണം. അർത്ഥവത്തായി പ്രതികരിക്കുന്നതിനും, ജീവിതം വിജയകരമായി നയിക്കുന്നതിനും കാലത്തിന്റെ ചുവരെഴുത്തുകൾ മനസിലാക്കണം.

ഇന്നത്തെ ശ്ലീഹാ വായനയിൽ ഒന്നായ അപ്പോ. പ്ര. 4:32–37 വരെയുള്ള വാക്യങ്ങളിൽ.ടി സാക്ഷ്യം ശക്തമായി കാണാം. ആദിമസഭയുടെ ജീവിതശൈലിയിൽ തികഞ്ഞ ദൈവിക ബോധം നിഴലിട്ടു നിന്നിരുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ശരണപ്പെട്ട സഭ ഒരു ശക്തികേന്ദ്രമായിരുന്നു. ഐക്യവും (വാ. 32) സാക്ഷ്യവും (33) സേവനവും (35) സഭയുടെ മുഖമുദ്രയാണ്. ഇവ മൂന്നും ഒരുപോലെ പരിരക്ഷിക്കുമ്പോൾ ആത്മാവിന്റെ ഐക്യത സാമൂഹിക ബന്ധത്തിൽ വെളിവാകും. അപ്പം നുറുക്കുന്നതിലും, പ്രാർത്ഥനയിലും ഐക്യം കാത്തു സൂക്ഷിച്ച സഭ നിരന്തരം വളർന്നു കൊണ്ടിരിക്കുന്നു.

ഭൗതിക വസ്തുക്കളുടെ പങ്കിടലിലൂടെ ദൈവസ്നേഹം ലോകത്തിലേക്കു പ്രവഹിക്കുന്നു. ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരനു മുട്ടുള്ളതു കണ്ടിട്ട് അവനോട് മനസലിവ് കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും. (1 യോഹ. 3:17) എന്ന സന്ദേശം ഈ സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. സുവിശേഷീകരണം എന്നുള്ളത് ദൈവികാധികാരത്തിലുള്ള പങ്കാളിത്വവും, പങ്കുവെയ്ക്കലും, പ്രയോഗവുമാണ്. സഭയിലെ സുഭിക്ഷതയുടെ അടിസ്ഥാനം ദൈവകൃപയിലുള്ള ആശ്രയമായിരിക്കണം. ഈ ആശ്രയം സഭയിൽ പ്രത്യാശയും, വിശ്വാസവും വർദ്ധിപ്പിക്കും. നിന്റെ രാജ്യം സ്ഥാപിതമാകണമേ എന്ന പ്രാർത്ഥനയിൽ ദൈവത്തിന്റെ നീതിബോധവും, മനുഷ്യന്റെ പ്രതികരണവുമുണ്ട്. ഉത്പാദനത്തിലും, വിതരണത്തിലും നീതിബോധവും, ധാർമ്മികതയും ഉണ്ടാകുന്നതിനുള്ള എല്ലാ ശ്രമങ്ങളും വി. സഭ പിന്താങ്ങേണ്ടതാണ്. മാനവരാശിയുടെ ഐക്യത്തിന്റെ പ്രതീകമായി പ്രവർത്തിക്കാനുള്ള ചുമതല സഭയ്ക്കുണ്ട്. എല്ലാം ദൈവോദ്ദേശ്യപരമായി വിനിയോഗിക്കപ്പെടുമ്പോഴാണ് ദൈവഹിതം ലോകത്തിൽ നിറവേറ്റപ്പെടുക.

**ഓഗസ്റ്റ് 3**

## പെന്തിക്കോസ്തിക്കു ശേഷം എട്ടാം ഞായർ

**യോഹ. 6:47–59, പുറ. 3:9–15, 1 പത്രോ. 2:4–10**

യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തെ



പ്പറ്റിയുള്ള അവകാശവാദത്തിൽ യഹൂദന്മാർക്കുണ്ടായ എതിർപ്പ് അവരുടെ ചോദ്യത്തിലൂടെ പ്രകടിപ്പിക്കുന്നു. 'നമുക്കു' തന്റെ മാംസം തിന്നേണ്ടതിനു തരുവാൻ ഇവന് എങ്ങനെ കഴിയും? (വാ. 52) അതേ തുടർന്ന് യേശു തമ്പുരാൻ അവർക്കു നൽകുന്ന മറുപടി, തിരുവത്താഴത്തിന്റെ സ്ഥാപന വചനങ്ങൾ ആയി യോഹന്നാൻ രേഖപ്പെടുത്തുന്നു. ഈ പ്രസിദ്ധമായ വാക്യങ്ങളിൽ, കർത്താവ് തന്റെ ദിവ്യ ഉദ്ദേശ്യം വെളിപ്പെടുത്തുന്നു. മനുഷ്യരക്ഷയ്ക്കുവേണ്ടി കർത്താവ് തന്നെത്താൻ നൽകുന്ന വീണ്ടെടുപ്പിന്റെ പദ്ധതി ഈ വാക്കുകളിൽ കാണാം. സാക്ഷാൽ ഭക്ഷണവും പാനീയവുമാകാൻ കർത്താവ് തകർക്കപ്പെട്ടതും നുറുക്കപ്പെട്ടതും നാം എന്നേക്കും ജീവിക്കുന്നതിനു വേണ്ടിയായിരുന്നു.

വി. കുർബ്ബാനയിലെ സ്ഥാപന വചനങ്ങൾ ശ്രദ്ധിക്കുക. അർത്ഥ സംപുഷ്ടമായ ആ വചനങ്ങൾക്ക് ചില വ്യാഖ്യാനങ്ങൾ പ. സഭാ പിതാക്കന്മാർ നൽകുന്നുണ്ട്.

1. ആദാമിനെ മെനയുവാൻ ഭൂമിയിൽ നിന്നു മണ്ണെടുത്തവനും രണ്ടാമത്തെ ആദാമാകുവാൻ വേണ്ടി കന്യകയിൽ നിന്ന് ജഡമെടുത്തവനും ആയ യേശു തന്റെ അത്ഭുത ശരീരമാകുവാൻ ഭക്തിയോടും കണ്ണുനീരോടു കൂടി അപ്പം തൃക്കൈയ്യിലെടുത്തു.

2. താൻ സ്വർഗ്ഗത്തിൽ സൂക്ഷിച്ചു നോക്കി. ഈ അതിശയമേറിയ സംഭവം നടപ്പാക്കുവാൻ സ്വർഗ്ഗസ്ഥനായ പിതാവിന്റെ അനുമതി, ആശീർവാദം എന്നിവ തേടി.

3. സ്തോത്രം ചെയ്യുന്നു. ഇത് കൃതജ്ഞതയുള്ള പ്രവത്തിയാണ്. ഈ അപ്പത്തിൽ എന്റെ ഓർമ്മ കഴിക്കുവാൻ നിനക്കു തിരുവിഷ്ടമായതിൽ ഞാൻ നിന്നെ സ്തോത്രം ചെയ്യുന്നു എന്നയർത്ഥമാണിതിന്നുള്ളത്.

4. താൻ അതിനെ വാഴ്ത്തി, പിതാവിന്റെ അനുമതിയോടെ പ്രാർത്ഥനകൊണ്ടു വാഴ്ത്തിയപ്പോൾ തന്റെ ശരീരമായി ഇതു തീർന്നു. അപ്പം ഇതിനാൽ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിയതാണ്. ഇത് ഒരുത്തൻ ഭക്ഷിച്ചാൽ മരിക്കാത്ത ആഹാരമായി താൻ ഇതിനെ മുദ്രകുത്തി പരിപൂർണ്ണമാക്കി എന്നർത്ഥം. ശുദ്ധീകരിച്ച അപ്പം താൻ മുറിച്ചത് തൃപ്തിയോടും സന്തോഷത്തോടും, സമൃദ്ധിയോടും കൂടെ തന്നെ ഭക്ഷിപ്പാൻതന്നെ. അൽപ്പം കൂടി വിശദമാക്കിയാൽ താൻ അപ്പം എടുത്തു (ജഡമെടുത്തു) സ്വർഗ്ഗത്തിലേക്കു നോക്കി (പിതാവിന്റെ അനുമതി യാചിച്ചു) ശിഷ്യർക്ക് (വിശ്വാസികൾക്ക്) ഇതിനെ ഭരമേൽപ്പിക്കുകയും ചെയ്തു. ആയതിനാൽ ഇതു വെറും അപ്പം അല്ല, വെറും വീഞ്ഞുമല്ല. ഇതിനെ പിതാവു സമ്മതിച്ചു. പുത്രൻ ക്രിയകൊണ്ടു കാണിച്ചു. പരിശുദ്ധാത്മാവ് ശുദ്ധീകരിച്ചു. ഇതു പാപങ്ങളുടെ മോചനത്തിനും, വരുവാനുള്ള ലോകത്തിലെ നിത്യജീവനുമായി തീരുന്നു.

വ്യക്തി തലത്തിൽ വി. കുർബ്ബാന നാം അനുഭവിക്കുന്നത് കർത്താവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുവാനാണ്. മറ്റുള്ളവർക്കു വേണ്ടി തകർക്കപ്പെടുവാനും, മുറിക്കപ്പെടുവാനുമുള്ള സന്നദ്ധത എവിടെയുണ്ടോ അവിടെ ജീവനും ചൈതന്യവുമുണ്ട്. നിലനിൽക്കുന്ന ഫലങ്ങളെ പുറപ്പെടുവിക്കുന്ന ജീവദായകമായ അനുഭവങ്ങളായിരിക്കും അത്.

'ഞാൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്ന അപ്പം ആകുന്നു' എന്ന യേശുവിന്റെ പ്രഖ്യാപനം ഈ അദ്ധ്യായത്തിൽ മൂന്നു വിധത്തിൽ ഉപയോഗിക്കുന്നു. (1) കർത്താവിന്റെ അത്താഴത്തിൽ, വീണ്ടും വിശ്വാസികളിലേക്കുള്ള വരവ് (2) യേശുവിന്റെ വരവ് ഒരു ചരിത്ര യാഥാർത്ഥ്യമായി. (3) യേശുവിന്റെ മരണം ആവർത്തിക്കുവാൻ സാദ്ധ്യമല്ലാത്തതും നിത്യവുമായ അനുഭവമാണ്. പിതാവുമായുള്ള ബന്ധം നിത്യജീവന്റെ അനുഭവമാണ്. ഈ നിത്യജീവന്റെയും, പുനരുത്ഥാനത്തിന്റെയും അനുഭവം വി. കുർബ്ബാനയിൽ പ്രഖ്യാപിക്കപ്പെടുന്നു. യേശു ലോകത്തിന്റെ ജീവനുവേണ്ടി നൽകപ്പെടുന്ന അപ്പമാണ്. പ്രപഞ്ചത്തിന്റെ വിമോചനത്തിനുവേണ്ടി, മനസോടെ നൽകപ്പെട്ട ജീവന്റെ അപ്പം സമസ്ത ലോകത്തിനുംവേണ്ടി സ്വയം നഷ്ടപ്പെടുത്തിയ ദൈവപുത്രനായ ക്രിസ്തുവുമായുള്ള പങ്കാളിത്വം വി. കുർബാനയിൽ ഉറപ്പു വരുത്തുന്നു. ഇത് സമസൃഷ്ടങ്ങളുടെ വീണ്ടെടുപ്പിനു വേണ്ടി, ബന്ധനസ്ഥരുടെ വിമോചനത്തിനുവേണ്ടി സ്വയമർപ്പിക്കുവാൻ ലഭിക്കുന്ന അവസരമാണ്.




അതുകൊണ്ട് വി. കുർബ്ബാന ഒരു പൂർവ്വകാല സംഭവത്തിന്റെ അനുസ്മരണ മാത്രമല്ല, വർത്തമാന കാലയാഥാർത്ഥ്യം കൂടെയാണ്. വി. കുർബ്ബാനയിൽ പങ്കെടുക്കുന്നവർ എത്രപേരുണ്ടായിരുന്നാലും അവർ ഒരേ അപ്പത്തിൽ നിന്ന് ഭക്ഷിക്കുന്നതിനാൽ അവർ ഏക ശരീരമായി ചേർക്കപ്പെടുകയാണ്. രഹസ്യപൂർണ്ണമായ ആ മേശയിൽ ക്രിസ്തീയ ഐക്യം പ്രഖ്യാപിക്കപ്പെടുകയാണ്.

ഇന്നത്തെ ശ്ലീഹവായനയിലെ 1 പത്രോ. 2:4–10 വരെയുള്ള ഭാഗങ്ങളിൽ സഭയുടെ സ്വഭാവവും ദൗത്യവും വിശദീകരിക്കുന്നുണ്ട്. ദൈവജനം വി. പുരോഹിത വർഗ്ഗമാണ്. ദൈവത്തിനു ശുശ്രൂഷ ചെയ്യുന്ന ജനം പുരോഹിതരാണ്. വിളിച്ചവന്റെ സദ്ഗുണങ്ങളെ ഘോഷിക്കാനാണ് നമ്മെ ആക്കിവച്ചിരിക്കുന്നതും. സദ്ഗുണങ്ങൾ അഥവാ അറേറ്റസ് എന്ന ഗ്രീക്കു നാമം സദ്ഗുണങ്ങളുടെ ദേവിയാണ്. ദേവിയെ പ്രസംഗിക്കുന്നതിലൂടെ സദ്ഗുണങ്ങൾ ഘോഷിക്കപ്പെടുന്നു. ഇവിടെ അറേറ്റസ് അഥവാ സദ്ഗുണങ്ങളുടെ പ്രഭവസ്ഥാനം യേശുക്രിസ്തുവാണ്. യേശുക്രിസ്തുവിനെ സ്വജീവിതത്തിലൂടെ പ്രഘോഷിക്കുന്നതാണ് ദൗത്യം. ഈ ദൗത്യം വിജയകരമായി നിറവേറ്റണമെങ്കിൽ അവനെ കൈക്കൊണ്ടതിലൂടെ (വി. കുർബ്ബാനാനുഭവത്തിലൂടെ) മാത്രമേ സാധ്യമാകൂ. നാം ചെയ്യുന്ന ശുശ്രൂഷ ദൈവീക ശുശ്രൂഷയായി തീരണം. വി. മദ്ബഹായുടെ വിശുദ്ധിയോടെ മതേതര കർമ്മങ്ങളിൽ നമുക്ക് ഏർപ്പെടുവാൻ സാധിക്കണമെങ്കിൽ നിൽക്കുന്നിടം വിശുദ്ധം എന്ന ബോധമുണ്ടായിരിക്കണം. പഴമ വായനയിലെ പുറ. 3:9–15 ശ്രദ്ധിക്കുക. മോശയെ വിളിക്കാൻ ദൈവം തെരഞ്ഞെടുത്ത സ്ഥലം ഹേറോബ് (പാഴ്നിലം എന്നർത്ഥം) ആയിരുന്നു. ഈ സ്ഥലം മതപരമായോ, ചരിത്രപരമായോ പ്രാധാന്യം അർഹിച്ച സ്ഥലമല്ലായിരുന്നു. ദൈവസാന്നിധ്യമാണ് അതിനെ വിശുദ്ധിയുള്ളതാക്കി തീർത്തത്. ആ ദർശനം വ്യക്തിപരമായി അവന് ആത്മീകാനുഭൂതി നൽകി. നാം നിൽക്കുന്ന സ്ഥലങ്ങളുടെ വിശുദ്ധി പരിരക്ഷിച്ച്,

ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ



**ഒരു വിശ്വാസി**

**മല്ലപ്പള്ളി**

## ഗിവ്സൈറ്റ് / ഗിവ് ലൈഫ് പ്രോജക്ട്

**സെന്റ് ഗ്രീഗോറിയോസ് മിഷൻ ഹോസ്പിറ്റൽ, പരുമല, മാന്നാർ. പിൻ 689 626, ഫോൺ: 0479-312266, 312465**

**ഗിവ്സൈറ്റ് പ്രോജക്ട്**

പരുമല സെന്റ് ഗ്രീഗോറിയോസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സ വിഭാഗവുമായി ബന്ധപ്പെട്ട് ആരംഭിച്ചതാണ് `Give Sight Project'.

സന്മനസ്സുള്ള ആർക്കും `Give Sight Project'-ൽ 1000/- (ആയിരം രൂപ) നല്കി അംഗമാകാം. ഇൻട്രാ ഓക്കുലർ ലെൻസ് (IOL) വച്ചുള്ള നൂതന ശസ്ത്രക്രിയ, പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പേരിൽ ഒരു പാവപ്പെട്ട അന്ധന് ഞങ്ങൾ ചെയ്തുകൊടുക്കും. ഓപ്പറേഷൻ സംബന്ധിച്ച് വരുന്ന മറ്റ് ചിലവുകൾ ആശുപത്രി വഹിക്കും. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിച്ച രോഗിയെ സംബന്ധിച്ച വിവരങ്ങൾ യഥാവസരം നിങ്ങളെ അറിയിക്കുന്നതാണ്.

**നേത്രചികിത്സാക്യാമ്പ്:** ക്രിസ്റ്റഫൽ ബ്ലൈൻഡൻ മിഷൻ, ജർമ്മനിയുടെ സഹായത്താൽ എല്ലാ വ്യാഴാഴ്ചകളിലും സൗജന്യ നേത്രചികിത്സാക്യാമ്പുകൾ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. താല്പര്യമുള്ളവർ നേത്രചികിത്സാവിഭാഗവുമായി ബന്ധപ്പെട്ടാൽ സൗജന്യ നേത്രചികിത്സാക്യാമ്പുകൾ നടത്തികൊടുക്കുന്നതാണ്.

**ഗിവ് ലൈഫ് പ്രോജക്ട്:**

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയോട് ചേർന്ന് ഒരു അത്യാധുനിക ലഹരിവിമുക്ത ചികിത്സാകേന്ദ്രംകൂടി ആരംഭിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾക്ക് അടിമപ്പെടുക എന്നുള്ളത് ശാരീരികവും മാനസികവുമായ രോഗമാണ്. വിദഗ്ദ്ധചികിത്സയും കൗൺസലിംഗുംകൊണ്ട് ഈ രോഗത്തെ നിയന്ത്രണവിധേയമാക്കാവുന്നതാണ്. ലഹരിക്കടിമയായ ഒരാൾ രക്ഷനേടുമ്പോൾ ഒരു തലമുറയാണ് നന്നാവുന്നത്. ആസക്തി മൂലം സാമ്പത്തികമായി തകർന്ന ഒരാൾക്ക് ആശുപത്രിയിലെ ചികിത്സ ചിലവുകൾ വഹിക്കുവാൻ പ്രയാസമുണ്ട്.

തകർന്ന കുടുംബങ്ങളെ നേർവഴിക്ക് നടത്തുവാനുള്ള ഞങ്ങളുടെ പ്രയത്നത്തിൽ താങ്കൾക്കും പങ്കാളിയാകാം. ലഹരി വിമുക്ത ചികിത്സയ്ക്ക്, രണ്ടാഴ്ചത്തെ ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സയ്ക്കും മറ്റുമായി ഏകദേശം 2500/- രൂപ ചിലവുവരും. സൈക്കോതെറാപ്പി കൗൺസലിംഗ് തുടങ്ങിയ മേഖലകളിൽ പ്രഗത്ഭരായ മനോരോഗ-മനഃശാസ്ത്ര വിദഗ്ദ്ധരുടെ സേവനം ഈ സെന്ററിൽ ലഭ്യമാണ്.

M.O. / D.D. / Cheque to Give Sight / Give Life Project C/o. Executive Officer, St. Gregorios Hospital, Parumala - 689 626

# സൺഡേസ്ക്കൂൾ വാർത്തകൾ

ഒ.എസ്.എസ്.എ. ഇയുടെ എക്സിക്യൂട്ടീവ് കമ്മറ്റി, അസോസിയേഷൻ പ്രസിഡന്റ് പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കേന്ദ്ര ഓഫീസിൽ ജൂൺ 21-ാം തീയതി ശനിയാഴ്ച സമ്മേളിച്ചു. ഈ വർഷത്തെ നാളതുവരെയുള്ള പ്രവർത്തനങ്ങളെ അവലോകനം ചെയ്തു. പുതുതായി ചില സണ്ടേസ്ക്കൂളുകൾ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തകാര്യം പ്രസ്താവിച്ചു. തൃശ്ശൂർ ഭദ്രാസനത്തിന്റെ പ്രതിനിധി ഇദംപ്രഥമമായി കമ്മറ്റിയിൽ സംബന്ധിച്ചു. 2002-ലെ വരവുചെലവു് കണക്കും 2003-ലെ ബജറ്റും ട്രഷറാർ ശ്രീ. മാണി പി. ചെറിയാൻ അവതരിപ്പിച്ചത് അംഗീകരിക്കുകയുണ്ടായി.

2002-ൽ കവർ പിരിവിനത്തിൽ വർദ്ധനവുണ്ടായെങ്കിലും പള്ളികളിൽ നിന്നുള്ള കാണിക്ക മുൻവർഷത്തെക്കാൾ കുറവായിരുന്നു. പള്ളികളിൽ നടന്ന കാണിക്കശേഖരണത്തിനു കുറവൊന്നും വരാനിടയില്ല. എന്നാൽ എല്ലാ പള്ളികളിൽ നിന്നും തുകവരാത്തതും കാണിക്ക മുഴുവനായി പള്ളികളിൽ നിന്നും തരാത്തതുമായിരിക്കണം, കുറവു സംഭവിക്കാനുള്ള കാരണം. ഹെഡ്മാസ്റ്റേഴ്സ് ഇക്കാര്യത്തിൽ പള്ളി കൈക്കാരന്മാരും വികാരിമാരുമായി ബന്ധപ്പെട്ടെങ്കിൽ മാത്രമേ ഈ ന്യൂനത പരിഹരിക്കാൻ കഴിയൂ. കേരളത്തിനു വെളിയിലുള്ള ഇടവകകളിൽ നിന്ന് ലഭിക്കുന്ന സംഭവന വർഷം തോറും വർദ്ധിച്ചു വരുന്നത് ആശ്വാസപ്രദമായ കാര്യമാണ്.

**വാർഷിക പൊതു സമ്മേളനം:** ആഗസ്റ്റുമാസം 9-ാം തീയതി (രണ്ടാം ശനിയാഴ്ച) ഒ.എസ്.എസ്.എ. യുടെ വാർഷിക പൊതു സമ്മേളനം ചേരുന്നതാണ്. വാകത്താനം, ഞാലിയാകുഴിയിൽ പണിതുകൊണ്ടിരിക്കുന്ന പരുമല മാർ ഗ്രീഗോറിയോസ് സെന്ററിൽ വച്ച് പ്രസ്തുത സമ്മേളനം നടത്തുവാൻ തീരുമാനിച്ചു. താൽക്കാലികമായ ക്രമീകരണങ്ങൾ വരുത്തി അവിടെ സമ്മേളിക്കുമ്പോൾ, സമ്മേളന പ്രതിനിധികൾക്കെല്ലാം ആ സ്ഥലം സന്ദർശിക്കുന്നതിനും ധ്യാനകേന്ദ്രത്തിന്റെ പണിയുടെ പുരോഗതി നേരിൽ കാണുന്നതിനും അവസരമാകും. ചങ്ങനാശേരി, ചിങ്ങവനം, കോട്ടയം, കറുകച്ചാൽ എന്നീ സ്ഥലങ്ങളിൽ നിന്നെല്ലാം ധാരാളം ബസുകൾ ഞാലിയാകുഴിക്കുണ്ട്.

**ശ്രദ്ധേയങ്ങളായ തീരുമാനങ്ങൾ**

എക്സിക്യൂട്ടീവ് കമ്മറ്റി കൈക്കൊണ്ട തീരുമാനങ്ങളിൽ സുപ്രധാനങ്ങളായവ ചുവടെ ചേർക്കുന്നു:

a) S.S.F.C. പരീക്ഷാക്കടലാസുകൾ കേന്ദ്ര ഓഫീസിൽ വച്ചു തന്നെ പരിശോധിക്കുവാൻ തക്കവണ്ണം ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണം. ഓരോ ഭദ്രാസനത്തിൽ നിന്നും അഞ്ചു പരിശോധകർ വീതം കേന്ദ്രത്തിൽ എത്തിയാൽ നാലോ അഞ്ചോ ദിവസങ്ങൾ കൊണ്ട് പരിശോധന പൂർത്തിയാക്കി ഫല നിർണ്ണയം വേഗത്തിൽ പ്രഖ്യാപിക്കാൻ കഴിയും. സാമ്പത്തിക ഭാരം അല്പം കൂടുമെങ്കിലും കാര്യക്ഷമത വർദ്ധിക്കുമെന്ന മെച്ചമുണ്ട്.

b) എം.ഒ.സി. പബ്ലിക്കേഷൻസിന്റെ പ്രധാന വിപണന കേന്ദ്രം ഇപ്പോൾ സൺഡേസ്ക്കൂൾ ആസ്ഥാനം തന്നെയാണ്. പൊതുജനങ്ങളുടെ സൗകര്യം. കരുതി, ഇപ്പോഴത്തെ ക്രമീകരണം തന്നെ തുടരാവുന്നതാണെന്നു തീരുമാനിച്ചു.

c) സൺഡേസ്ക്കൂൾ പ്രതിഭ, വിജ്ഞാനി, പ്രവീൺ-എന്നീ അവാർഡുകൾ ഒരിക്കൽ ലഭിച്ചാൽ പിന്നീട് ആ വിദ്യാർത്ഥിക്ക് ആ മത്സരത്തിൽ പങ്കെടുക്കാൻ അർഹതയില്ലെന്നുള്ള വ്യവസ്ഥ ഒന്നുകൂടി സ്ഥിരീകരിച്ചു.

d) 2003-മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ കേരളത്തിലെ ഒന്നാം റാങ്കുകാരി മെറിൻ ഈപ്പൻ കുന്നംകുളത്തുള്ള നമ്മുടെ ബഥനി ആശ്രമം വക സെന്റ് ജോൺസ് സ്ക്കൂളിലെ വിദ്യാർത്ഥിനിയാണ്. മാത്രമല്ല സൺഡേസ്ക്കൂൾ വിദ്യാർത്ഥിനിയുമാണ്. സൺഡേസ്ക്കൂളിൽ നിന്ന് നൽകുന്ന ഈ വർഷത്തെ എസ്.എസ്.എൽ.സി. അവാർഡിന് മെറിൻ ഈപ്പൻ അർഹയായി എന്നുള്ളത് അഭിനന്ദനത്തോടെ പ്രസ്താവിക്കുന്നു. വാർഷിക സമ്മേളനത്തിൽ വച്ച് അവാർഡു നൽകപ്പെടും.

e) വർഷം തോറും ഏറ്റവും കൂടുതൽ പോയിന്റുകൾ കരസ്ഥമാക്കുന്ന ഭദ്രാസനത്തിനു നൽകാൻ ഒരു റോളിങ്ങ് ട്രോഫി നൽകിയ കോട്ടയം പുന്നത്ര കുടുംബ യോഗത്തോടുള്ള നന്ദി രേഖപ്പെടുത്തി. മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുന്നത്ര മാർ ദീവന്നാസ്യോസിന്റെ ഓർമ്മയ്ക്കായി ആ കുടുംബാംഗങ്ങൾ നൽകിയിട്ടുള്ളതാണ് ഈ ട്രോഫി.

f) ധ്യാനകേന്ദ്ര നിർമ്മിതി നടന്നുകൊണ്ടിരിക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ സാമ്പത്തികമായി വളരെ ഞെരുക്കം പ്രസ്ഥാനത്തിനുണ്ട്. അക്കാരണത്താൽ കലണ്ടർ ഈ വർഷം പ്രസിദ്ധീകരിക്കേണ്ടതില്ലെന്നു നിശ്ചയിച്ചു. മാത്രമല്ല ഇപ്പോൾ സഭയിലെ മറ്റു ചില ആത്മിക സംഘടനകൾ കലണ്ടറുകൾ പ്രസിദ്ധീകരിക്കുന്നുമുണ്ട്. വാർഷിക സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിനും ക്രമീകരണങ്ങൾക്കുമായി വിവിധ കമ്മറ്റികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

g) ഒ.വി.ബി.എസ്. ഗാനപരിശീലന ക്യാമ്പ് ആദ്യ കാലത്തെ രീതി അനുസരിച്ച് കേന്ദ്രത്തിൽ മാത്രമേ നടത്തപ്പെടുകയുള്ളു. ഒരു ഭദ്രാസനത്തിൽ നിന്ന് രണ്ടു പേർക്ക് (നാല്പതു യൂണിറ്റിൽ കൂടുതലുള്ള ഭദ്രാസനത്തിൽ മൂന്നു പേർക്ക്) പ്രസ്തുത ക്യാമ്പിൽ സംബന്ധിക്കാം, അവരുടെ പേരു വിവരങ്ങൾ അതാതു ഡയറക്ടർമാർ നേരത്തേ തന്നെ കേന്ദ്രത്തിൽ അറിയിച്ചിരിക്കേണ്ടതാണ്.

**ഔട്ട്സൈഡ് കേരളാ റീജിയൻ സണ്ടേസ്ക്കൂൾ:** ഒ.എസ്.എസ്.എ. യുടെ കീഴിൽ ഒരു പുതിയ മേഖല രൂപീകരിക്കപ്പെട്ടിരിക്കുകയാണല്ലോ. അവിടെയുള്ള സൺഡേസ്ക്കൂളുകൾക്കായി പുതിയ പാഠപുസ്തകങ്ങൾ ഇംഗ്ലീഷിൽ രചിച്ചുകൊണ്ടിരിക്കുന്നു. 2004-ലേക്ക് അവ ഉപയോഗക്ഷമമാക്കാമെന്നു പ്രതീക്ഷിക്കുന്നു. ❖

**ADMISSION NOTICE – 2003-2004**

(The Following Institutions are under the Management of
CHRISTIAN EDUCATION HEALTH & DEVELOPMENT SOCIETY & CHRISTIAN FELLOWSHIP COMMUNITY HEALTH CENTRE, AMBILIKKAI–624 612)
DETAILS OF THE COURSES / DURATION / AFFILIATION / ELIGIBILITY Etc.,

| Sl. No | Name of the Course | Duration | Subjects Offered | Eligibility | Affiliation | Application fee | Institution |
|---|---|---|---|---|---|---|---|
| 1. | B.E.(Bachelor of Engineering) B.Tech | 4 Years | 01. Computer Science<br>02. Electronic & Communication<br>03. Information Technology<br>04. Civil *<br>05. Mechanical *<br>06. Electrical & Electronics * | Pre-degree or +2 Pass | Anna University / AICTE | Rs. 250/- | Christian College of Engineering & Technology, Oddanchatram. |
| 2. | B.Com / B. Sc / B.B.A | 3 Years | 01. B.Com<br>02. B.B.A<br>03. B.E.S<br>04. Biochemistry, Maths<br>05. Computer Science<br>06. Electronics | Pre-degree or +2 Pass | Madurai Kamaraj University | Rs. 60/- | Rev. Jacob Memorial Christian College, Ambilikkai. |
| | M.F.C (Master of Finance Control) | 2 Years | 07. Finance | Any Graduate | | Rs. 100/- | |
| | P.G.D.C.A | 1 Year | 08. Computer application | Any Graduate | | Rs. 100/- | |
| 3. | B.Sc., Nursing | 4 Years | Nursing | Pre-degree or +2 Pass | Tamilnadu Dr.M.G.R. Medical University, Chennai | Rs. 250/- | Christian College of Nursing, Ambilikkai. |
| | M.Sc. Nursing | 2 Years | Nursing | B.Sc., Nursing | | Rs. 350/- | |
| 4. | P.G. Diploma in Applied Nutrition & Dietetics | 1 Year | Nutrition, Dietetics & Catering | B.A/ B.Sc., | Tamilnadu Dr.M.G.R. Medical University, Chennai | Rs. 100/- | Christian Training Institute Christian Fellowship Community Health Centre, Ambilikkai. |
| 5. | Polytechnic Diploma<br>D.C.E.<br>D.M.E<br>D.E.E.E<br>D.C.T<br>D.E.C.E<br>D.I.T | 3 Years | 01. Civil<br>02. Mechanical<br>03. Electrical & Electronics<br>04. Computer Science<br>05. Electronics & Communication<br>06. Information Technology | S.S.L.C | Dept. of Technical Education AICTE | Rs. 100/- | Christian Polytechnic College, Oddanchatram. |

**FOR FURTHER DETAILS:**
Mr. THOMAS IDUCULLA
*Academic Officer*

**CHRISTIAN CAREER COUNSELING CENTRE**
**C.M.Hr. Sec.School Building, ODDANCHATRAM – 624 619, Dindigul District, Tamil Nadu, South India.**
*Phone: 04553-240581, 243838, 243829* *Fax: 04553-240229* *Mobile: 98421 82324*

** SUBJECT TO APPROVAL*
NB: WAITING FOR THE RESULT CAN ALSO APPLY.

**PADMA BUSHAN Dr. JACOB CHERIAN,**
**CHAIRMAN.**


# ബൈബിൾ പഠനം

*ഫാ. ഒ.പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻകുരിശ്, കൊച്ചി – 682 308*

**ചോദ്യം**

**1 തെസ്സലോന്യർ –2**

1. 2:1–12 വരെയുള്ള വാക്യങ്ങളെ അടിസ്ഥാനമാക്കി ഒരു മാതൃകാ സുവിശേഷകന്റെ ലക്ഷണങ്ങൾ എന്തൊക്കെയെന്ന് പഠിച്ച് എഴുതുക?
2. യഹൂദന്മാർക്ക് ദൈവകോപം വരുവാനുള്ള 5 കാര്യങ്ങൾ.
3. തെസ്സലൊനിക്യ സന്ദർശനം തടഞ്ഞത് ആരാണെന്നാണ് പൗലോസ് പറയുന്നത്?
4. കർത്താവിന്റെ മുമ്പാകെ തെസ്സലൊനിക്യർ പൗലോസിന് എങ്ങനെയാണെന്നാണ് പറയുന്നത്?
5. പൗലോസിന്റെ ഇതേ വാക്കുകൾ മലങ്കര സഭയിലെ ഒരു വിഭാഗം ജനത്തെക്കുറിച്ച് ഈ സഭയിലെ ഒരു തിരുമേനി വിളിച്ചിരുന്നു. ആ തിരുമേനി ആര്?

**മാർച്ച് ലക്കത്തിലെ എല്ലാ ഉത്തരങ്ങളും ശരിയാക്കിയവർ**

1. അന്നമ്മ മത്തായി, നേതാജി റോഡ്, ആലുവ
2. ആനീസ് ഉമ്മൻ, വാണിയപുരയ്ക്കൽ, നിരണം
3. യാസ്മിൻ ജോർജ്ജ്, പന്തപ്ലാക്കൽ, ആലുവ

**ഉത്തരം**

**1 തെസ്സലോന്യർ – 1**

1. സാലോനിക്കി; തുർക്കി
2. തെസ്സലോനിക്യായിൽ വച്ച് (അപ്പോ. 17:1–8)
3. ശീലാസും, തിമോഥിയോസും (1 തെസ്സ. 1:1)
4. കൂടാരപണി ചെയ്തു (2:9) (2 തെസ്സ. 3:6–15)
5. കൃപയും സമാധാനവും (1:1)
   കൃപ മാതാവും സമാധാനം പൈതലുമാണ്.
6. ബഹുകഷ്ടം സഹിക്കേണ്ടി വന്നിട്ടും, പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ ദൈവവചനം കൈക്കൊണ്ട് കർത്താവിന് അനുകാരികൾ ആയി. (1:6)
7. മക്കദൊന്യ, ആഖായ പ്രദേശത്തെ വിശ്വാസികൾക്ക് മാതൃകയായി (1:7)
8. ഓറ – ആരാധന; ലബോറാ – അദ്ധ്വാനം (1:9, 10)
9. പുറജാതികളിൽ നിന്ന് സഭയിൽ ചേർന്നവരെക്കുറിച്ച് പറയുന്നതാണ് (1:10)
10. 1. ദൈവം മരിച്ചവരിൽ നിന്ന് ഉയർപ്പിച്ചവനാണ്.
    2. തന്റെ പുത്രനാണ്; നിത്യപുത്രൻ
    3. വരുവാനുള്ള കോപത്തിൽ നിന്ന് നമ്മെ വിടുവിക്കുന്നവൻ (1:9,10)

## ഒന്നാം ചരമവാർഷികം

**14 – 07 – 2003**



**FR. T. K. SAMUEL**

*Inserted by:-*

**Sorrowing Family**

ജൂലൈ 14-ാം തീയതി ഓതറ സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് വി. കുർബ്ബാനയും ധൂപപ്രാർത്ഥനയും ഇതര കർമ്മങ്ങളും നടത്തുന്നു




## ഷേർലിക്യാന്റിൽ വർക്സ്

ഇളകൊള്ളൂർ പി. ഒ. കോന്നി,
പത്തനംതിട്ട

Ph: 0468–2245319 (O)
2362611 (R)

1) കവർ തിരികൾ എല്ലാ ഇനങ്ങളും
2) ചർച്ച് ക്യാന്റിൽ ഹാൻഡ് മെയ്ഡ് & മോൾഡ് കുറ്റിതിരികൾ, സ്റ്റാൻഡ് ക്യാന്റിൽ.
3) ആവശ്യാനുസരണം ഏതു സൈസിലും വലുപ്പത്തിലും മെഴുകുതിരികൾ നിർമ്മിച്ചു നൽകുന്നതാണ് ബർത്ത്ഡേ, വെഡിംഗ്, ഫങ്ഷൻ etc.

പത്തനംതിട്ട ജില്ലയിലെ ഏക വനിതാസ്ഥാപനം. വിതരണക്കാരെ ആവശ്യമുണ്ട് മേൽ കാണിച്ച അഡ്രസിലോ ഫോൺ നമ്പറിലോ സമീപിക്കാം.








വി. ഇ. മാത്യു, വൾസാഡ്



ഒരു വിശ്വാസി
കോട്ടയം

# മലങ്കരസഭ വാർത്തകൾ

## മുംബൈയിൽ സെന്റ് മേരീസ് ഷെൽറ്റർ ഉദ്ഘാടനം ചെയ്തു

ദാദർ:– സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയുടെ ഒ.എസ്.സി.ബി. സൊസൈറ്റിയുടെ നേതൃത്വത്തിൽ നടന്നു കൊണ്ടിരിക്കുന്ന സാധുജന സേവന പദ്ധതികളുടെ ഭാഗമായി സയോൺ എവറാർഡ് നഗറിൽ ആരംഭിക്കുന്ന സെന്റ് മേരീസ് ഷെൽറ്റർ അങ്കമാലി–ഇടുക്കി ഭദ്രാസനാധിപൻ ഡോ. ഏബ്രഹാം മാർ സേവേറിയോസ് തിരുമേനി ഉൽഘാടനം ചെയ്തു.

കാൻസർ തുടങ്ങിയ രോഗങ്ങൾക്ക് ചികിത്സയ്ക്കും മറ്റുമായി കേരളത്തിൽ നിന്നും, മറ്റു സംസ്ഥാനങ്ങളിൽ നിന്നും ബോംബെയിൽ എത്തുന്ന രോഗികൾക്കും, അവരുടെ സഹായത്തിനായി എത്തുന്ന മാതാപിതാക്കൾ, ബന്ധുമിത്രാദികൾ എന്നിവർക്കും, ഹ്രസ്വകാലത്തേയ്ക്കോ, കൂടിയാൽ ഒന്നുരണ്ടു മാസത്തേയ്ക്കോ സൗജന്യമായി താമസിക്കുവാനുള്ള സ്ഥാപനമാണ് "സെന്റ് മേരീസ് ഷെൽറ്റർ" ദാദർ പള്ളിയുടെ സമീപമുള്ള ചേരിക്കുള്ളിലും കുടിലുകളിലും താമസിക്കുന്നവർക്കും–സാധുക്കൾക്കും വേണ്ടി–സൗജന്യമായി നടത്തുന്ന ബാലവാടി, തയ്യൽക്ലാസ്സ്, നൈറ്റ് സ്റ്റഡി സെന്റർ, സൗജന്യ ചികിത്സാലയം എന്നിവയ്ക്കു പുറമെ ആണ് പുതുതായി ആരംഭിച്ചിരിക്കുന്ന ഈ ഷെൽറ്റർ. Parel Tata Hospital ൽ നിന്ന് ഏകദേശം 7 കി. മീ. ഉം, ദാദറിൽ നിന്ന് 6 കി. മീ. ഉം, Sion-Tranbay Road-ൽ sion - ൽ നിന്നും 1 കി. മീ. മാത്രം ദൂരമുള്ള Everard Nagar Co-op. Hsg. Society യിലാണ് ഈ സ്ഥാപനം.

ബോംബെയിൽ വന്നു ചികിത്സ നടത്തേണ്ട രോഗികൾ അവരുടെ സമീപമുള്ള ഓർത്തഡോക്സ് പള്ളി വികാരിയുടെ സാക്ഷ്യ പത്രവുമായി ഫാ. യൗനാൻ മുളമൂട്ടിൽ, Chairman, O.S.C.B. Society, St. Mary's Orthodox Church-171, Naigaum Estate, Dadar-Mumbai-400 014, Phone - 022-24124891/25700760-ന്റെ പേർക്ക് അപേക്ഷിക്കാവുന്നതാണ്.

## ഓർത്തഡോക്സ് കുടുംബ സംഗമം പരുമലയിൽ

കോട്ടയം: സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് സൊസൈറ്റിയുടെ 5–ാമതു ഓർത്തഡോക്സ് കുടുംബ സംഗമം ജൂലൈ 26–ാം തീയതി ശനിയാഴ്ച രാവിലെ 9 മുതൽ 5 വരെ വൈദിക സെമിനാരി പ്രിൻസിപ്പിൾ റവ. ഫ. ഡോ. കെ. എം. ജോർജ്ജിന്റെ നേതൃത്വത്തിൽ പരുമലയിൽ വച്ച് നടത്തുന്നതാണ്.

## കുരിശടി കൂദാശ

മാങ്ങാരം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ കുരിശടി കൂദാശ അഭിവന്ദ്യ ഫീലിപ്പോസ് മാർ യൗസേബിയോസ് തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചു.

## ഒന്നാം റാങ്ക്



ഈ വർഷം മഹാത്മാഗാന്ധി സർവ്വകലാശാല നടത്തിയ ബി.എസ്.സി. കെമിസ്ട്രി പരീക്ഷയിൽ ഒന്നാം റാങ്ക് (973 മാർക്ക്) നേടിയ ശൈനോ ഹന്ന വർഗീസ്. നിരണം ഭദ്രാസനത്തിൽപെട്ട പാണ്ടങ്കരി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരിയും പച്ച ലൂർദ്മാതാ ഹയർ സെക്കന്ററി സ്ക്കൂൾ അദ്ധ്യാപകനുമായ ഫാ. ടി. കെ. വറുഗീസിന്റെയും തേവേരി സെന്റ് തോമസ് ഹൈസ്ക്കൂൾ അദ്ധ്യാപികയായ ആനി വർഗീസിന്റെയും മകളാണ്. എടത്വ സെന്റ് അലോഷ്യസ് കോളജ് വിദ്യാർത്ഥിനിയായ ശൈനോ, മലങ്കരസഭയുടെ ഒന്നാമത്തെ സൺഡേ സ്ക്കൂൾ പ്രതിഭയാണ്. ഭദ്രാസന, സോണൽ തല മത്സരങ്ങളിൽ നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്.



മർത്തമറിയം വനിതാ സമാജം 2002 ഒക്ടോബറിൽ നടത്തിയ കേന്ദ്ര പരീക്ഷയിൽ സീനിയർ വിഭാഗത്തിൽ അഖില മലങ്കര ഒന്നാം റാങ്ക് നേടിയ ശ്രീമതി ബീനാ ജേക്കബ്. കല്ലുങ്കത്ര മണലേൽ സെ. ജോർജ്ജ് ഇടവകാംഗവും കണ്ടമുണ്ടാരി പുത്തൻ പുരയിൽ ശ്രീ. ഏബ്രഹാം ജേക്കബിന്റെ പത്നിയുമാണ്.



സണ്ടേസ്ക്കൂൾ അഖില മലങ്കര അടിസ്ഥാനത്തിൽ നടത്തിയ മത്സര പരീക്ഷയിൽ 4–ാം ക്ലാസ്സിൽ രണ്ടാം സ്ഥാനവും സഹപാഠ്യ മത്സരങ്ങളിൽ സെൻട്രൽ സോൺ ജൂനിയർ വേദവാക്യ മത്സരത്തിൽ 1–ാം സ്ഥാനവും നേടിയ ആലപ്പുഴ, സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയംഗമായ ജോജോ വി. ഫിലിപ്പോസ്

## ഫാ. ജോൺ ശങ്കരത്തിൽ മർത്തമറിയം സമാജം വൈസ് പ്രസിഡന്റ്



മലങ്കര ഓർത്തഡോക്സ് സഭാ മർത്തമറിയം വനിതാ സമാജം വൈസ് പ്രസിഡണ്ടായി ഫാ. ജോൺ ശങ്കരത്തിലിനെ പ. കാതോലിക്കാ ബാവായുടെ അനുമതിയോടുകൂടി പ്രസിഡണ്ട് കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ നിയമിച്ചു. അച്ചൻ ഇപ്പോൾ ദേവലോകം കാതോലിക്കേറ്റ് ഓഫ്സെറ്റ് പ്രസ്സ് മാനേജരായി സേവനമനുഷ്ഠിക്കുന്നു.



# മലങ്കരസഭ വാർത്തകൾ

## പള്ളികൂദാശ

തിരുവനന്തപുരം: കുമാരപുരം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശകർമ്മം മേയ് 23, 24 തീയതികളിൽ പ. കാതോലിക്കാ ബാവാ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിലും, അഭിവന്ദ്യരായ മാത്യൂസ് മാർ എപ്പിഫാനിയോസ്, യാക്കോബ് മാർ ഐറേനിയോസ് എന്നിവരുടെ സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു.

കൂദാശയുടെ മുന്നോടിയായി മാർതോമാ ശ്ലീഹായാൽ സ്ഥാപിതമായ അരപള്ളി, തിരുവിതാംകോട് സെന്റ്. മേരീസ് പള്ളിയിൽ നിന്നും പതാക ഘോഷയാത്രയായി കൊണ്ടുവന്ന് പാറശ്ശാല സെന്റ്. ഗ്രീഗോറിയോസ് പള്ളി, തിരുവനന്തപുരം സെന്റ് ജോർജ്ജ് കത്തീഡ്രൽ എന്നിവിടങ്ങളിലെ സ്വീകരണങ്ങൾക്ക് ശേഷം വികാരി ഫാ. റെജി ലൂക്കോസ് പതാക ഉയർത്തി.

പൊതുസമ്മേളനം സാംസ്ക്കാരിക വകുപ്പ് മന്ത്രി. ശ്രീ. ജി. കാർത്തികേയൻ ഉദ്ഘാടനം ചെയ്തു. പ. കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു. സുവനീർ പ്രകാശനം, ഐറേനിയോസ് തിരുമേനി യൂഹാനോൻ റമ്പാച്ചനു നൽകിക്കൊണ്ട് നിർവ്വഹിച്ചു. മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനി, സഭാ സെക്രട്ടറി അലക്സാണ്ടർ കാരക്കൽ, അലക്സാണ്ടർ വൈദ്യൻ കോറെപ്പിസ്ക്കോപ്പ, രാജൻ ജോർജ്ജ് കോറെപ്പിസ്ക്കോപ്പ, മോഹൻ കുമാർ എം.എൽ.എ., ഫാ. ബേബി തോമസ്, ഫാ. ബി. സ്റ്റീഫൻ, റവ. ഏ. റ്റി. സഖറിയ, ഫാ. പാട്രിക് ഡിക്രൂസ്, കൗൺസിലർ റ്റി. പി. അജിത് കുമാർ, ഫാ. റെജി ലൂക്കോസ് എന്നിവർ പ്രസംഗിച്ചു.

രോഗികൾക്കുള്ള സഹായ വിതരണം കോർപ്പറേഷൻ മേയർ പ്രൊഫ. ജെ. ചന്ദ്ര നിർവ്വഹിച്ചു. സ്നേഹ വിരുന്ന്, മെഡിക്കൽ വിദ്യാർത്ഥികളും, യുവജന പ്രസ്ഥാനവും ചേർന്ന് നടത്തിയ സംഗീത സായാഹ്നം എന്നിവയോടെ പരിപാടികൾ അവസാനിച്ചു.

## വിദ്യാഭ്യാസ സഹായത്തിന് അപേക്ഷ ക്ഷണിക്കുന്നു

വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് എൻഡോവ്മെന്റ് ഫണ്ടിൽ നിന്നും നിർദ്ദനരായ വിദ്യാർത്ഥികൾക്കു നല്കി വരുന്ന വിദ്യാഭ്യാസ സഹായത്തിന് അപേക്ഷ ക്ഷണിച്ചു. മെഡിക്കൽ, നേഴ്സിങ്ങ്, പാരാമെഡിക്കൽ, എഞ്ചിനീയറിംഗ്, ഐ.ടി.ഐ., പോളിടെക്നിക് വിഭാഗങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ അപേക്ഷയാണ് പരിഗണിക്കുക. അപേക്ഷാ ഫോം ആവശ്യമുള്ളവർ സ്റ്റാംപൊട്ടിച്ച കവർ സഹിതം സെക്രട്ടറി, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് എൻഡോവ്മെന്റ് ഫണ്ട്, പി.ബി. നമ്പർ 98, പഴയ സെമിനാരി, കോട്ടയം–1 എന്ന വിലാസത്തിൽ ബന്ധപ്പെടുക.

## പ്രൊഫ. ഇ. ജോൺ മാത്യുവിന് ഡോ. എം. വി. പൈലി അവാർഡ്



കോട്ടയം:– കേരളത്തിലെ ഏറ്റവും മികച്ച കോളേജ് പ്രിൻസിപ്പലിനുള്ള കേരളാ ഹയർ എഡ്യുക്കേഷൻ ട്രസ്റ്റിന്റെ ഇക്കഴിഞ്ഞ അദ്ധ്യയന വർഷത്തിലെ ഡോ. എം. വി. പൈലി അവാർഡിന് കോട്ടയം ബസേലിയോസ് കോളജ് പ്രിൻസിപ്പൽ പ്രൊഫ. ഇ. ജോൺ മാത്യു തെരഞ്ഞെടുക്കപ്പെട്ടു.

കൊട്ടാരക്കര സെന്റ് ഗ്രീഗോറിയോസ്, പഴഞ്ഞി മാർ ഡയനേഷ്യസ് എന്നീ കോളേജുകളിലും പ്രിൻസിപ്പലായിരുന്ന പ്രഫ. ജോൺ മാത്യു ഓൾ കേരളാ പ്രിൻസിപ്പൽസ് കൗൺസിൽ പ്രസിഡണ്ടാണ്.

### കൈപ്പറ്റി

**ഇൻഡ്യൻ ഓർത്തഡോക്സ് സഭാ ചരിത്രവും സംസ്ക്കാരവും**

1358 പേജുകളിലായി ഓർത്തഡോക്സ് സഭയുടെ ഇതഃപര്യന്തമുള്ള ചരിത്രത്തെ പഠനാത്മകമായി അവ



തരിപ്പിച്ചിരിക്കുന്നു. ഗവേഷണവും പഠനവും അത്യധ്വാനവും ഈ ഗ്രന്ഥത്തിന്റെ പിന്നിലുണ്ടെന്ന് നിസംശയം പറയാം.

ഗ്രന്ഥകർത്താക്കൾ: ഫാ. ഡോ. ജോസഫ് ചീരൻ, കെ. വി. മാമ്മൻ, അഡ്വ. പി. സി. മാത്യു, പ്രസാധകർ: കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, മാങ്ങാനം, വില: 500 രൂപ



വ്യത്യസ്ഥതയുടെ പുതിയ പത്ത് ഗാനങ്ങളുമായി അലക്സ് കെ. പോൾ വീണ്ടും. പ്രാർത്ഥനാപ്പൂക്കൾക്കു ശേഷം വിശ്വാസികളുടെ ആവശ്യകത കണ്ടറിഞ്ഞ് രചിച്ചതാണ് ഈ ഗാനങ്ങളെന്ന് അവകാശപ്പെടാം.

എം. ജി. ശ്രീകുമാർ, സുജാത, കെ. ജി. മാർക്കോസ്, ബിജു നാരായണൻ, മധു ബാലകൃഷ്ണൻ, കെസ്റ്റർ, അലക്സ് കെ. പോൾ, മാസ്റ്റർ പോൾസൺ തുടങ്ങിയവർ ആലപിച്ചിരിക്കുന്നു. രചന, സംഗീതം: അലക്സ് കെ. പോൾ, വില: 50 രൂപ.



കാസറ്റുകളുടെ ഇടയിൽ വ്യത്യസ്ഥതയുടെ ആലാപനവുമായി കാൽവറി കവിതകൾ ഫാ. മാത്യൂസ് വാഴക്കുന്നം അവതരിപ്പിക്കുന്നു. രചനയും ആലാപനവും അദ്ദേഹം തന്നെ. ക്രിസ്തുവിന്റ കഷ്ടാനുഭവത്തെ ഹൃദയസ്പൃക്കായി കവിതകളിലൂടെ അവതരിപ്പിച്ചിരിക്കുന്നു. വില: 50 രൂപ




backward classes and social reform for all the depressed people. He himself baptized hundreds of people in different places with the assistance of the local priests, raised new churches, established Sunday Schools and organized preaching missions. The church was awakened against the growing onslaught of the reformers who tried to wean away the faithful members of the church to their side. His tireless efforts continued to the very last moment till he breathed his last on November 2, 1902. A number of evangelistic groups were organized in different places and the work initiated by Parumala Thirumeni was carried on even after his demise. The "Edavaka Pathrika," a monthly publication, was started already and that promoted and conveyed the concerns of the church.

<u>The Twentieth Century</u> The dawn of the twentieth century breathed new waves of hope for the Church. The Syrian Students, Conference (at present the MGOCSM) was started in 1908 and among other programs, Sunday school work with a publication "Vedadhyapakan" should receive special attention. Once again, dark clouds hovered over the church when the visiting Antiochean Patriarch Abdullah excommunicated the reigning Malankara Metropolitan Vattasseril Geevarghese Mar Dionysius in 1911 as he was unwilling to surrender the temporal authority of the church at the feet of the foreign prelate. This crisis gave fresh impetus and vigor for the long cherished vision of the establishment of the Catholicate in 1912. The senior Patriarch of Antioch Abdul Massiah was invited to the Malankara Church and he was gracious enough to preside over the Malankara Episcopal Synod in the enthronement ceremony of the first Catholicos of the East for the Malankara Church when Metropolitan Paulos Mar Philoxenos of Kandanad was raised to that elevated position at the St. Thomas Orthodox Church, Niranam. This event established unequivocally the autonomy and autocephaly of the Indian Orthodox Church which has the rich heritage of the St. Thomas tradition from the first century AD. Even though litigations arose time and again, and that still continues on different measures; the church as a whole was enlivened and awakened and the onward march still continues facing ebbs and tides in its course of continuing its pilgrimage following the footsteps of the Master who called us to be faithful witnesses to the ends of the earth. In 1934 a Constitution was formulated for the Church and ever since the Church is governed by that.



# ഉപകാരസ്മരണ



**P. K. VARGHESE & F[redacted]**

**Ponnathatt[redacted]**

**Pavuk[redacted]**


**M[redacted]**

*Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2003-05*

**THE MALANKARA SABHA**, CATHOLICATE OFFICE, KOTTAYAM-686 038

# 50th Death Anniversary

# 03-07-2003



# K. G. PHILIP

## kademthottil

## annoor

nily

…hools and organized missions. The church was … ened against the growing onslaug… of the reformers who tried to wean away the faithful members of the church to their side. His tireless efforts continued to the very last moment till he breathed his last on November 2, 1902. A number of evangelistic groups were organized in different places and the work initiated by Parumala Thirumeni was carried on even after his demise. The "Edavaka Pathrika," a monthly publication, was started already and that promoted and conveyed the concerns of the church.

The Twentieth Century The

co… Malan… Geevargh… as he was un… temporal autho… the feet of the fore… crisis gave fresh im… for the long cherished … establishment of the Ca… 1912. The senior Patriarch … Abdul Massiah was invited … Malankara Church and he wa… cious enough to preside ove… Malankara Episcopal Synod in …



…A PARIPALANA SAMITHY, KOTTAYAM.
…AM-38; CHIEF EDITOR FR. DR. JOHN PANICKER. RS. 7/-